(INDIAN THOZHILALY ONLINE MAGAZINE)
www.indianthozhilaly.com

ഓണപ്പതിപ്പ്

# ഇന്ത്യൻ തൊഴിലാളി

ലക്കം 6
27 ഓഗസ്റ്റ് 2026
മാസിക,
തിരുവനന്തപുരം

അധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം



## വി ഡി എസ് 100 മന്ത്രി സഭയുടെ ദിനങ്ങൾ

## മാവേലി നാട് മാറുന്നു വിഴിഞ്ഞത്തിലൂടെ

18 AUGUST 2026



എന്തിനവർ എന്റച്ഛനെ കൊന്നു?



മമ്മൂട്ടിക്ക് വീണ്ടും ദേശീയ പുരസ്കാരം



മൻമോഹൻ സിംഗിന് ക്ലീൻ ചിറ്റ്

പാറ്റകൾ പി. എസ്. സി യിലേക്ക്



EduSite
Distance | Regular | Abroad
Educational Consulting Centre

# AFTER +2

വിദേശരാജ്യങ്ങളിലെയും കർണാടക, തമിഴ്നാട്, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിലെയും അംഗീകൃത യൂണിവേഴ്സിറ്റിക്ക് കീഴിൽ ഉന്നത നിലവാരമുള്ള കോളേജുകളിലേക്ക് അഡ്മിഷൻ പൂർത്തീകരിച്ചു നൽകുന്നു

**CONTACT:**
**90379 11047/920753 3330**

## COURSES WE OFFER

MBBS | ENGINEERING | BSC NURSING| GNM

### All Paramedical Courses:

Cardiac Vascular Technology | Cardiac Care Technology | Perfusion Technology
Clinical Technology | Anaesthesia & OT Technology | Respiratory Care Technology
Medical Imagine Technology (radiology) | Forensic Science & Criminology |
Emergency Medicine | Medical Lab Technology | Renal Dialysis | Optometry |
Clinical Embryology | Respiratory Care Technology | Neuro Science | Microbiology |
Physian Assistant | B Pharm | Physiotherapy | BSC Agriculture

### Management Studies :

BCA | BBA | ACCA | CMA





## Cassolette
THE BAKING ACADEMY KERALA





PART TIME CERTFICATE PROGRAM
12 WEEKEND SESSIONS

FULL TIME DIPLOMA IN BAKERY & PASTRY PROGRAM
3 MONTHS

ADVANCED DIPLOMA IN PASTRY AND BAKERY 12 MONTHS

TC 15/176 (1), Nr. BSNL Tel. Exchange,
Vellayambalam, Thiruvananthapuram - 695 010
T: 0471 2721527, 9446221527, 8086836651
www.cassolette.in info@cassolette.in
facebookcassolette.in

ഓണപ്പതിപ്പ്

(INDIAN THOZHILALY ONLINE MAGAZINE)

# ഇന്ത്യൻ തൊഴിലാളി

അധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം

www.indianthozhilaly.com



## ഉൾപ്പേജുകളിൽ

നഷ്ടസ്വരം
**വീണ്ടെടുത്ത ഭാരതം**
പ്രൊഫസർ അപൂർവാനന്ദ് ..... 12

യഥാർത്ഥ പ്രക്ഷോഭം
**വരാനിരിക്കുന്നതേയുള്ളു**
കെ.പി ഹരിദാസ് ..... 14

അടുത്ത ലക്ഷ്യം
**പി. എസ്. സി**
ആശ മാത്യു ..... 18

പ്രതികരിക്കാൻ
**പ്രചോദനമേകുന്നു**
**ഈ സഹന സമരം** ..... 20

**എന്റെ മലയാളം**
എം.ടി. വാസുദേവൻ നായർ ..... 21

കേരളത്തിലെ അങ്കണവാടി
**ജീവനക്കാർക്ക് വേതന വർദ്ധനവ്**
സുമ കൊല്ലങ്കോട് ..... 22

കെ.എസ്.ഇ.ബി.യിലെ കരാർ ജീവനക്കാർ
**പോരാട്ടത്തിലേയ്ക്ക്**
ഗോവിന്ദൻ ഇട്ടേപ്പാടൻ ..... 23

ലോകം കീഴടക്കിയ
**അച്ഛനും മകളും**
മാലതി മേനോൻ ..... 24

മാങ്കോസ്റ്റിൻ
**മരച്ചുവട്ടിലെ സർഗ്ഗ സപര്യ**
ബാലചന്ദ്രൻ പാമ്പാടി ..... 26

സി.എച്ച്. എന്ന സൂര്യനും
**കുഞ്ഞു നക്ഷത്രവും**
ഷാജഹാൻ നിലമ്പൂർ ..... 28

മികച്ച തൊഴിൽ
**സംസ്കാരത്തിലേക്കൊരു ചുവടുവെപ്പ്**
ഡോ. രാജീവ് തെക്കേടത്ത് ..... 30

അന്ന് എം.ജി.ആർ- ജയലളിത
**ഇന്ന് വിജയ് - തൃഷ** ..... 36

തമിഴകത്ത്
**മലയാളസൂപ്പർ സ്റ്റാറുകളുടെ**
**വമ്പൻ ക്ലാഷ്** ..... 38

ചെറുകഥ
**സൈലന്റ് മോഡ്**
പി. ജയലക്ഷ്മി ..... 40

ആർ. എം. പി. ക്ക്
**ആദരവായി**
**ഡോക്ടറേറ്റ്** ..... 42



06

**ഒടുവിൽ മൻമോഹൻസിംഗിന് ക്ലീൻ ചിറ്റ്**
സോണിയ ഗാന്ധി



എന്തിനവർ
**എന്റെ അച്ഛനെ കൊന്നു?**
08



ലക്കം 6
25 ഓഗസ്റ്റ് 2026
മാസിക, തിരുവനന്തപുരം

ഇന്ത്യൻ തൊഴിലാളി
അധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം

മാനേജിംഗ് എഡിറ്റർ
ഡോ. ആർ. എം. പരമേശ്വരൻ

ചീഫ് എഡിറ്റർ
ചീങ്ങന്നൂർ മനോജ്

അസ്സോസിയേറ്റ് ചീഫ് എഡിറ്റർ
കെ. പി. ഹരിദാസ്

എക്സിക്യൂട്ടിവ് എഡിറ്റർ
കടവിള ഷാജി

കോർഡിനേറ്റർ
പി. സുധാകരൻ

ജനറൽ മാനേജർ
സുമ കൊല്ലങ്കോട്

എഡിറ്റോറിയൽ ബോർഡ്
എ. എം ഷാജഹാൻ
സിയാദ് മാലങ്ങാടൻ
വി.പി. ജോർജ്
പി.ടി. ജോൺ
വർഗ്ഗീസ് ജോസഫ്
കൊച്ചുത്രേസ്യാ ജോയി
ഷീലാ വേണുഗോപാൽ
പി.എം റെജിമോൻ

അഡ്വൈസറി ബോർഡ് ചെയർമാൻ
കല്ലംപള്ളി കൃഷ്ണൻ നായർ

അഡ്വൈസറി ബോർഡ്
മീര നായർ
വി.ടി. നന്ദകുമാർ
കായംകുളം യൂനുസ്സ്

കവർ ഡിസൈൻ & പേജ് ലേ-ഔട്ട്
രാഹുൽ. കെ. ആർ

ടൈപ്പ് സെറ്റിംഗ്
മായ. ഡി

ഇ-മെയിൽ: indianthozhilaly@gmail.com

Follow us on
indianthozhilaly indianthozhilaly





ചീഫ് എഡിറ്റർ എഴുതുന്നു



# ഓണം വന്നാലും ഉണ്ണി പിറന്നാലും

അതിതീവ്രമഴയുടെ ദുരിതപ്പെയ്ത്ത് തുടരവെയാണ് ഇക്കുറി ഓണം വന്നെത്തുന്നത്. മഹാ പ്രളയങ്ങൾ പലതും നേരിട്ട നമുക്ക് ഇതൊരു പുതിയ കാര്യമല്ല. മലയാളിയുടെ ദേശീയോത്സവം എന്ന നിലയിൽ ഓണം ആഘോഷിച്ചേ തീരു കാരണം നമ്മുടെ നഷ്ടസ്മൃതികളുടെ വസന്തപൂർണ്ണിമയാണ് ഓണം. ഋതുക്കൾ നമുക്കായി നൽകുന്ന പാരിതോഷികം. കൊയ്ത്ത് ഇല്ലെങ്കിലും നമ്മുടെ കൊയ്ത്തുത്സവം. വീട്ടുമുറ്റങ്ങളിലെ പൂക്കളങ്ങളും വഞ്ചിപ്പാട്ടിന്റെ ആരവങ്ങളും ഞാറ്റുപ്പാട്ടുകളുടെ ശീലുകളുമൊക്കെ കാലത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചുപോയെങ്കിലും നമ്മുടെ സാത്വിക വിശുദ്ധിയുടെ സമഗ്രലാവണ്യമുള്ള കേരളത്തനിമ ഒരിക്കലും ഇല്ലാതാകുന്നില്ല. അതാണ് നമ്മുടെ സ്വത്വം. അതുതന്നെയാണ് ഓണത്തിന്റെ പൊരുളും.

പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലാകളിലായി നൂറു കണക്കിന് ആളുകൾ ഇപ്പോൾ ദുരിതാശ്വാസ ക്യാമ്പുകളിലാണ്. തുടർച്ചയായി കൃഷി നാശം സംഭവിക്കുന്നതിനാൽ കാർഷിക കടാശ്വാസം ഔദാര്യമല്ല, അവകാശം തന്നെയായി മാറണം. കിടപ്പാടം നഷ്ടപ്പെട്ടവർക്ക് വീടുംകൃഷിഭൂമി നഷ്ടപ്പെട്ടവർക്ക് ഭൂമിയും ലഭ്യമാക്കണം. ഇതോടൊപ്പം പശ്ചിമഘട്ട സംരക്ഷണത്തിന് വിട്ടുവീഴ്ചയില്ലാത്ത നടപടികളും ഉണ്ടാകണം. മഹാനായ പോപ്പ് തിരുമേനിയുടെ വാക്കുകൾ ഇക്കാര്യത്തിൽ നമുക്ക് മാർഗ്ഗദീപമാകണം. 'ഭൂമിയെ ഇനിയും പീഡിപ്പിക്കരുത്. ദൈവം എല്ലാം ക്ഷമിക്കും. നമ്മൾ ചിലപ്പോഴൊക്കെ ക്ഷമിക്കും. പക്ഷെ പ്രകൃതിയെ പീഡിപ്പിച്ചാൽ അവൾ ഒരിക്കലും പൊറുക്കില്ല.'

കേരളത്തിന്റെ മറ്റൊരു തലവേദനയാണ് പി.എസ്.സി. ലക്ഷക്കണക്കിന് തൊഴിൽ രഹിതരുടെ നെഞ്ചു തകർക്കുന്ന വെളിപ്പെടുത്തലുകളാണ് പി.എസ്.സി.യെക്കുറിച്ച് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഒരധ്വാനവുമില്ലാതെ ഉന്നത റാങ്കുകൾ തട്ടിയെടുക്കുന്നവർ ഊണും ഉറക്കവുമില്ലാതെ പഠിച്ച് പരീക്ഷ എഴുതുന്ന







Download Copy





**നമ്മൾ നമ്മളെത്തന്നെ തള്ളിപ്പറയേണ്ട അവസ്ഥയിലാണ് ഇപ്പോൾ എത്തിനിൽക്കുന്നത്. എന്നാലും നമ്പർ വൺ കേരളം എന്ന് വീമ്പടിക്കാൻ നമുക്ക് യാതൊരു മനസ്സാക്ഷിക്കുത്തുമില്ല. മലയാളിക്ക് രക്ഷപ്പെടാൻ ഒറ്റ വഴിയേ ഉള്ളൂ. മലയാണ്മയിലേക്ക് മടങ്ങിപ്പോവുക. അതിനുള്ള അവസരമാണ് ഓണക്കാലം നമുക്ക് മുന്നിൽ അണിയിച്ചൊരുക്കുന്നത്.**

ലക്ഷക്കണക്കിന് തൊഴിൽ രഹിതരുടെ കഞ്ഞിയിൽ മണ്ണിടുകയാണ് ചെയ്യുന്നത്.

ഇന്ന് നമ്മൾ ഒന്നിന്റെയും ഉത്പാദകരല്ലാത്തതിനാൽ അധ്വാനത്തിന്റെ മഹത്വം നമുക്ക് മനസ്സിലാകുകയില്ല. എങ്കിലും എല്ലാം അനുഭവിക്കാനുള്ള ആസക്തിക്ക് കുറവൊന്നുമില്ല. ഐ.സി.യു.വിൽ കിടക്കുന്ന രോഗിയെപ്പോലും മാനഭംഗപ്പെടുത്താൻ മടിയൊന്നുമില്ല. സ്വന്തം വീട്ടകങ്ങളിൽ പോലും സ്ത്രീകൾക്ക് സുരക്ഷിതത്തില്ലാത്ത അവസ്ഥ, സ്വന്തം അമ്മയെപ്പോലും വെട്ടിനുറുക്കുന്നു. ഇങ്ങനെ നമ്മൾ നമ്മളെത്തന്നെ തള്ളിപ്പറയേണ്ട അവസ്ഥയിൽ എത്തിനിൽക്കുന്നു.

ഇങ്ങനെയൊക്കെ ആണെങ്കിലും നമ്മൾ നമ്പർ വൺ കേരളം എന്ന് വീമ്പടിക്കാൻ നമുക്ക് യാതൊരു മനസ്സാക്ഷിക്കുത്തുമില്ല. മലയാളിക്ക് രക്ഷപ്പെടാൻ ഒറ്റ വഴിയേ ഉള്ളൂ. മലയാണ്മായിലേക്ക് മടങ്ങിപ്പോവുക. അതിനുള്ള അവസരമാണ് ഓണക്കാലം നമുക്ക് മുന്നിൽ അണിയിച്ചൊരുക്കുന്നത്. ഈ ഓണപ്പതിപ്പും അതിന്റെ ഒരു അവിഭാജ്യ ഘടകമാണ്. ഭാസുരമായ ഒരു മലയാളിനാടിന് വേണ്ടിയുള്ള സർഗ്ഗസപര്യ.

ലോകത്തെമ്പാടുമുള്ള മലയാളികൾക്കും പ്രത്യേകിച്ചും ഇൻഡ്യൻ തൊഴിലാളിയുടെ എല്ലാ വായനക്കാർക്കും ഹൃദയംഗമമായ ഓണാശംസകൾ.

ചിങ്ങന്നൂർ മനോജ്



# ഒടുവിൽ മൻമോഹൻസിംഗിന് ക്ലീൻ ചിറ്റ്

സോണിയ ഗാന്ധി

**ഒടുവിൽ മുൻപ്രധാനമന്ത്രി ഡോ: മൻമോഹൻ സിംഗിന് സുപ്രീം കോടതി യുടെ 'ക്ലീൻ ചിറ്റ്'. അദ്ദേഹത്തിന്റെ ഭരണ നേട്ടങ്ങളിൽ നിന്നും ജനശ്രദ്ധ തിരിച്ചുവിടാൻ പടച്ചുവിട്ട ആരോപണങ്ങൾ വ്യാജമാണെന്ന് തെളിഞ്ഞു. അദ്ദേഹം പ്രതീക്ഷിച്ചപോലെത്തന്നെ വൈകിയാണെങ്കിലും ചരിത്രം അദ്ദേഹത്തോട് ദയ കാണിച്ചു. പക്ഷേ പതിറ്റാണ്ടുകൾ നീണ്ട വേട്ടയാടലിന് ആര് സമാധാനം പറയും?**


Download Copy

കാൽക്കരിപ്പാടം അനുവദിച്ചതുമായി ബന്ധപ്പെട്ട കേസിൽ മുൻപ്രധാനമന്ത്രി ഡോ: മൻമോഹൻ സിംഗിന് സുപ്രീം കോടതി പൂർണ്ണമായ ക്ലീൻ ചിറ്റ് നൽകിയിരിക്കുന്നു. സമകാലിക മാധ്യമങ്ങളേക്കാളും പാർലമെന്റിലെ പ്രതിപക്ഷത്തെക്കാളും ചരിത്രം തന്നോട് കൂടുതൽ ദയ കാണിക്കുമെന്ന് താൻ ആത്മാർത്ഥമായി വിശ്വസിക്കുന്നതായി 2014 ജനുവരിയിൽ അവസാന പത്ര സമ്മേളനത്തിൽ മൻമോഹൻ സിംഗ് പറഞ്ഞ വാക്കുകൾ ഇപ്പോൾ സത്യമായി മാറിയിരിക്കുന്നു.

ഇൻഡ്യൻ പൊതുരംഗത്ത് നടന്ന ഏറ്റവും ദാരുണമായ രാഷ്ട്രീയ വേട്ടയാടലിനാണ് ഈ വിധിയോടെ അന്ത്യമായിരിക്കുന്നത്. ഉദ്യോഗസ്ഥർ, മാധ്യമങ്ങൾ, ജുഡീഷ്യറി, ആർ.എസ്. എസ്, ബി.ജെ.പി എന്നിവരടങ്ങിയ വിപുലമായ ശൃംഖല മൻമോഹൻ സിംഗിന്റെ സത്യസന്ധതയെ തകർക്കാൻ ബോധപൂർവ്വം പ്രവർത്തിച്ചിരുന്നു. എന്നാൽ അവരുടെ വ്യാജ പ്രചാരണങ്ങൾ ഒടുവിൽ ശൂന്യതയിൽ അവസാനിക്കുകയായിരുന്നു.

2017 ഫെബ്രുവരി 8-ന് രാജ്യസഭയിൽ മൻമോഹൻ സിംഗിനെ പരിഹസിച്ച് 'റെയിൻ കോട്ടിട്ട് കുളിക്കുന്ന കല അറിയാവുന്ന ഒരേയൊരു വ്യക്തി' എന്ന് മോദി നടത്തിയ പരാമർശം പാർലമെന്ററി ചരിത്രത്തിലെ ഏറ്റവും തരംതാഴ്ന്ന ഒന്നായി ഓർമ്മിക്കപ്പെടും.

മൻമോഹൻ സിംഗിന്റെ സുതാര്യമായ ഭരണശൈലിയും ഉത്തരവാദിത്തബോധവും നിലവിലെ മോദി സർക്കാരിന്റെ പ്രവർത്തന രീതിയുമായി വലിയ വ്യത്യാസമുണ്ട്. കുറ്റകൃത്യങ്ങളും അഴിമതിയും അന്വേഷിക്കേ സി.ബി.ഐ., ഇ.ഡി. തുടങ്ങിയെ ഏജൻസികളെ മോദി സർക്കാർ രാഷ്ട്രീയകാർക്കുമേൽ സമർദ്ദം ചെലുത്താൻ ക്രൂരമായി ദുരുപയോഗം ചെയ്യുകയാണ്. പ്രതിപക്ഷത്തിരിക്കുമ്പോൾ അഴിമതിക്കാരായി ചിത്രീകരിക്കുന്ന നേതാക്കൾ ബി.ജെ.പിയിലേക്ക് കൂറുമാറുമ്പോൾ പെട്ടെന്ന് വിശുദ്ധരായി മാറുകയും മന്ത്രി സ്ഥാനങ്ങൾ ലഭിക്കുകയും ചെയ്യുന്ന വിചിത്രമായ കാഴ്ചയാണ് രാജ്യം കണ്ടുകൊണ്ടിരിക്കുന്നത്. മൻമോഹൻ സിംഗിന്റെ മികച്ച ഭരണനേട്ടങ്ങളിൽ നിന്നും ജനശ്രദ്ധ തിരിക്കാനാണ് ഇത്തരം വ്യാജ ആരോപണങ്ങൾ ഉന്നയിച്ചത്.

ഇന്നത്തെ ഭരണകൂടത്തിൽ നിന്ന് വ്യത്യസ്തമായി സമൂഹത്തോട് സംവദിക്കാനും വിദ്യാർത്ഥി പ്രക്ഷോഭങ്ങളെ പെല്ലട്ട് ഗണ്ണുകളോ എ. കെ. 47 തോക്കുകൾ കൊണ്ടോ നേരിടാതെ ജനാധിപത്യമായി പരമായി കൈകാര്യം ചെയ്യാനും മൻമോഹൻ സിംഗിന് കഴിഞ്ഞിരുന്നു. തന്റെ ഭരണകാലത്ത് നൂറിലേറെ പത്ര സമ്മേളനങ്ങൾ നടത്തി അദ്ദേഹം മാധ്യമങ്ങളോടും പാർലമെന്റിനോടും എപ്പോഴും ഉത്തരവാദിത്തം പുലർത്തി. കൂടാതെ ചരിത്രപ്രസിദ്ധമായ ഇൻഡോ-യു.എസ്. ആണവ കരാർ അദ്ദേഹത്തിന്റെ രാഷ്ട്രീയ ധീരതയുടെ ഏറ്റവും വലിയ തെളിവാണ്. ഈ ചരിത്രവിജയം കാണാൻ ഇന്ന് അദ്ദേഹം നമ്മോടൊപ്പമില്ല എന്നതിൽ കടുത്ത വിഷമമുമുണ്ട്. എന്നാലും ശാന്തനും സൗമ്യനും ഏറ്റവും സാരാംശമുള്ളവനുമായ പ്രധാന മന്ത്രിയായി ചരിത്രം അദ്ദേഹത്തെ കനിവോടെ ഓർക്കും.



# എന്തിനവർ എന്റെ അച്ഛനെ കൊന്നു?

**ഇന്ത്യൻ രാഷ്ട്രീയത്തിൽ സോണിയാ ഗാന്ധിക്കും രാഹുൽ ഗാന്ധിക്കുമൊപ്പം നിറഞ്ഞുനിൽക്കുന്ന കോൺഗ്രസ് നേതാവാണ് പ്രിയങ്ക ഗാന്ധി. രാഷ്ട്രത്തെ സേവിക്കുന്നതുപോലെ കുടുംബത്തെ സ്നേഹിക്കുന്ന കുടുംബിനി. മാധ്യമങ്ങളിൽ നിന്നും അകന്നുനിൽക്കുന്നു, ഓക്സ്ഫഡ് ബുക്സ് പ്രസീദ്ധീകരിച്ച 'India Tomorrow Conversations with the next Generation of Political Leaders' എന്ന പുസ്തകത്തിനനുവദിച്ച സുദീർഘമായ അഭിമുഖത്തിൽ തന്റെ ജീവിതത്തെക്കുറിച്ചും രാഷ്ട്രീയത്തെക്കുറിച്ചും പ്രിയങ്ക തുറന്നടിച്ചു. പ്രദീപ് ചിബ്ബർ, ഹർഷ് ഷാ എന്നിവരാണ് അഭിമുഖം നടത്തിയത്.**



Download Copy





കോൺഗ്രസ് രാഷ്ട്രീയത്തിൽ രാഹുൽ ഗാന്ധിയോളം തന്നെ പ്രാമുഖ്യമുണ്ട് പ്രിയങ്ക ഗാന്ധി വദ്രയ്ക്ക്. മുത്തശ്ശി ഇന്ദിരാഗാന്ധിയുമായുള്ള കാഴ്ചയിലെയും പെരുമാറ്റത്തിലുമുള്ള സാദൃശ്യം പ്രിയങ്കയ്ക്ക് ഒടുക്കത്തെ ഊർജ്ജവും തിളക്കവുമാണ്. നെഹ്റു-ഗാന്ധി പാരമ്പര്യത്തിന്റെ യഥാർത്ഥ അവകാശിയവരാണെന്ന് വിശ്വസിക്കുന്നവരും ഏറെയാണ്. ഒരുകാലത്ത് പ്രിയങ്ക രാഷ്ട്രീയത്തിൽ വരുമോ ഇല്ലയോ എന്ന ചോദ്യം ഒട്ടേറെ ഊഹാപോഹങ്ങൾക്ക് ഇടനൽകിയിരുന്നു. അത് അവരുടെ പ്രഭാവം കൂട്ടാനിടയാക്കി. അതേ സമയം തിരക്കുകളിൽ നിന്ന് മാറി തന്നിലേയ്ക്ക് തന്നെ സ്വയം ഉൾവലിഞ്ഞ ഏകാന്തിയായ പ്രിയങ്കയെയും കാണാതിരുന്നിട്ടില്ല.

1999 ൽ 27-ാം വയസ്സിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കണമോ വേണ്ടയോ എന്ന് തീരുമാനമെടുക്കാനാകാതെ വിഷമിക്കുകയായിരുന്നു പ്രിയങ്ക. ഒരു സുഹൃത്തിന്റെ ഉപദേശമനുസരിച്ച് വിപാസന സെന്ററിലെത്തി പത്ത് ദിവസം ധ്യാനിച്ചപ്പോൾ അവർക്ക് തിരിച്ചറിവുണ്ടായി. തന്റെ പിതാവിന്റെ മരണത്തിലുള്ള ദേഷ്യവും സങ്കടവുമൊക്കെ ഇപ്പോഴും അവശേഷിക്കുന്നതായി അവർക്ക് ബോധ്യപ്പെട്ടു. തുടർന്നുള്ള രണ്ട് പതിറ്റാണ്ടുകളിൽ അവരുടെ രാഷ്ട്രീയ ഇടപെടലുകൾ നാമമാത്രമായിരുന്നു.

2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് തന്റെ രാഷ്ട്രീയ പ്രവേശം പ്രഖ്യാപിച്ച് സർവ്വരെയും ഞെട്ടിച്ചു. എ.ഐ.സി.സി ജനറൽ സെക്രട്ടറി യാകുകയും ഏറ്റവും വെല്ലുവിളി നിറഞ്ഞ യു.പി യുടെ ചുമതല ഏറ്റെടുക്കുകയും ചെയ്തു. അതിൽ അവർക്ക് ഏറെ പ്രശംസയും മാധ്യമ ശ്രദ്ധയും പിടിച്ചുപറ്റാനായി. തുടർന്ന് വയനാട്ടിൽ നിന്നുള്ള ലോക്സഭാംഗമാകുന്നതുവരെയുള്ള കാര്യങ്ങൾ സമീപകാല ചരിത്രം.

**രാഷ്ട്രീയത്തിൽ പാരമ്പര്യത്തിന് എത്രത്തോളം പ്രസക്തിയുണ്ട്?**

ഞാൻ പൈതൃകത്തിനും പാരമ്പര്യത്തിനും എതിരാണ്. നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ഒരു കാര്യം വ്യക്തമാക്കട്ടെ, പാരമ്പര്യത്തിൽ എനിക്ക് വിശ്വാസമില്ല. പാരമ്പര്യം സംരക്ഷിക്കാനല്ല ഞാൻ രാഷ്ട്രീയത്തിൽ വന്നത്. പക്ഷേ എന്റെ അനുഗ്രഹങ്ങളെ ഞാൻ തള്ളി പറയാൻ പാടില്ലെന്ന് വിശ്വസിക്കുന്നു. ചെറുതെങ്കിലും ചെയ്യാവുന്ന അവസ്ഥയിലാണെങ്കിൽ ചെയ്യുക. കുട്ടികൾക്ക് പാരമ്പര്യമൊന്നും ഉണ്ടാകരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു. നല്ലതോ ചീത്തയോ ആയ പാരമ്പര്യം കുട്ടികൾക്ക് ഉണ്ടാക്കി കൊടുക്കരുത്. അവർ സ്വതന്ത്രരായിരിക്കണം.

**വലിയൊരു വിഭാഗം കോൺഗ്രസ്സുകാരും അണികളും വിശ്വസിക്കുന്നത് പാർട്ടിയെ രക്ഷിക്കാനും മോദിയെയും അമിത് ഷായെയും നേരിടാനും കഴിയുന്ന ഒരേയൊരു നേതാവ് പ്രിയങ്ക ഗാന്ധിയാണെന്നാണ്. നേതാവായി പാർട്ടിയെ നയിക്കുന്ന പ്രിയങ്കയെ ഞങ്ങൾക്ക് കാണാനാകുമോ?**

എന്നെക്കാൾ ശാന്തനാണ് രാഹുൽ. ദേഷ്യവും കുറവാണ്. ചിന്താശീലൻ. കഴിഞ്ഞ കാലത്ത് എന്റെ സഹോദരനെപ്പോലെ മോദിയെ നേരിട്ട വേറൊരു നേതാവിനെ എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പുകളിലൊന്നും അദ്ദേഹത്തെപ്പോലെ എനിക്ക് സംസാരിക്കാൻ കഴിഞ്ഞിട്ടില്ല. രാഹുൽ നന്നായി സംസാരിക്കുന്നു, തികഞ്ഞ സത്യസന്ധതയോടെ. എന്നെ സംബന്ധിച്ചിടത്തോളം രാഹുലാണ് എന്റെ നേതാവ്. അത് എല്ലായ്പ്പോഴും അങ്ങനെയായിരിക്കും. രാജ്യത്തിന്റെ ഏത് ഭാഗത്തായാലും ബി.ജെ.പി യെ നേരിടാൻ നൂറു കണക്കിന് നേതാക്കൾ രംഗത്തുണ്ട്. അതിനാൽ ഭാവിയെക്കുറിച്ച് എനിക്ക് പ്രവചിക്കാനാവില്ല. പക്ഷേ പാർട്ടിയെ നയിക്കാൻ കെൽപ്പുള്ള ഒട്ടേറെ പേരുണ്ടെന്ന് ഞാൻ രുതുന്നു.

Download Copy



**ഇന്ദിരാ ഗാന്ധി വധത്തിന് തൊട്ടുപിന്നാലെ താങ്കളുടെ പിതാവ് രാജീവ് ഗാന്ധി ഇങ്ങനെ പറഞ്ഞു - 'കുട്ടികളുടെ ജീവിതമാണ് ഏറ്റവും ബുദ്ധി മുട്ടിലായത്. അവർക്ക് പുറ ത്തുപോകാനോ കളിക്കാനോ പറ്റുന്നില്ല. ആർക്കെങ്കിലും യഥാർത്ഥ ത്യാഗം അനുഭവി ക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ അത് കുട്ടികൾക്കാണ്. അവരുടെ വിദ്യാഭ്യാസവും വളർച്ചയും താളംതെറ്റി. എന്താണ് സംഭവിച്ചത്?**

കുടുംബത്തിലുണ്ടായ ദുരന്തങ്ങൾ ഞങ്ങളുടെ വിദ്യാഭ്യാസ ത്തെയും വളർച്ചയെയും സാര മായി ബാധിച്ചു. എനിക്ക് പന്ത്രണ്ടും സഹോദരന് പതിന്നാലും വയസ്സു ള്ളപ്പോഴാണ് മുത്തശ്ശിക്ക് വെടിയേൽ ക്കുന്നത്. മുത്തശ്ശിക്കൊപ്പം അതേ വീട്ടിലാണ് ഞങ്ങളും താമസിച്ചിരു ന്നത്. അതിന് കുറച്ചു മാസങ്ങൾക്ക് മുമ്പ് സുവർണ്ണ ക്ഷേത്രത്തിലെ ബ്ലൂ സ്റ്റാർ ഓപ്പറേഷന്റെ കാല ത്തൊക്കെ ഞങ്ങളുടെ ജീവിതം തികച്ചും സാധാരണ നിലയിലായി രുന്നു. അംഗരക്ഷകരൊക്കെ ഉണ്ടാ യിരുന്നെങ്കിലും ഞങ്ങളത് ശ്രദ്ധി ക്കാറുണ്ടായിരുന്നില്ല. സാധാരണ വേഷത്തിലായിരുന്നു അവർ. സ്കൂ ളിലൊക്കെ അവർ സഹായികളായി രുന്നു. പക്ഷേ ഞങ്ങൾക്ക് അതിനെ ക്കുറിച്ച് അറിവുണ്ടായിരുന്നില്ല.

**അന്നത്തെ കുടുംബാന്തരീക്ഷം?**

ഞങ്ങളുടെ കുടുംബം വലിയ സമ്പന്നരോ ആഡംബരമുള്ളവരോ പ്രകടനാത്മകതയുള്ളവരോ ആയി രുന്നില്ല. മുത്തശ്ശി പ്രധാനമന്ത്രിയാ യിരുന്നതോ അച്ഛൻ പൈലറ്റായിരു ന്നതോ കണക്കിലെടുക്കുമ്പോൾ വളരെ മിതവ്യയമുള്ള വീട്ടിലാണ് ഞങ്ങൾ വളർന്നത്. തെരുവിൽ മറ്റ് കുട്ടികളോടൊപ്പം ഞങ്ങൾ കളിച്ചിട്ടു ണ്ട്. 30 മുതൽ 40 വരെ കുട്ടികളുള്ള സംഘമായിരുന്നു ഞങ്ങളുടേത്. മുത്തശ്ശിക്ക് വെടിയേല്ക്കുന്നതിന് ഒന്നരമാസം മുമ്പ് ബോർഡിംഗ് സ്കൂളിൽ നിന്ന് ഞങ്ങളെ പിൻവലിച്ചു. പിന്നീട് ഞങ്ങളെ ഡൽഹിയിലെ സ്കൂളിൽ ചേർത്തു. ഒന്നരമാസത്തിന് ശേഷം ഞങ്ങളെ തട്ടിക്കൊണ്ടുപോകാനെന്ന് സംശയി ക്കുന്ന ഒരു സംഭവമുണ്ടായി. പിന്നീട് മുത്തശ്ശിക്ക് വെടിയേറ്റു. അതോടെ ഞങ്ങളെ സ്കൂളിൽ നിന്ന് പിൻവലിച്ചു. പിന്നീട് കോളേ ജിൽ പോകുന്നതുവരെ ഞങ്ങൾ വീട്ടിലിരുന്നാണ് പഠിച്ചത്. അതോടെ ഞങ്ങളുടെ സാമൂഹിക ഇടപെടലു കൾ നിലച്ചു. പതുക്കെ മറ്റ് കാര്യങ്ങ ളിൽ ഞങ്ങൾക്ക്

ഒറ്റപ്പെടലുകൾ ഉണ്ടായിരുന്നില്ല. കാരണം ഞങ്ങൾ മുതിർന്നവരുടെ ലോകത്തായിരുന്നു. രാഷ്ട്രീയ പ്രശ്നങ്ങളാണ് ഞങ്ങൾ കേട്ടു കൊണ്ടിരുന്നത്. എന്റെ അച്ഛൻ അഭിമുഖീകരിച്ചിരുന്ന പ്രശ്നങ്ങൾ, മാധ്യമങ്ങളും പ്രതിപക്ഷവും അച്ഛന് എതിരായി നടത്തിയിരുന്ന ആക്രമ ണങ്ങൾ, നേരിടുന്ന രീതി, അധികാ രം വരുന്നതിനും പോകുന്നതിനുമനു സരിച്ച് എന്റെ മാതാപിതാക്കൾക്ക് ചുറ്റുമുള്ളവർക്കിടയ്ക്കുള്ള ചലനങ്ങൾ അതിദ്രുതം മാറുന്നത്... അങ്ങനെയൊക്കെ വളരെ ചെറുപ്രായത്തിൽ തന്നെ മുതിർന്ന വരുടെ ലോകത്തായിരുന്നു ഞങ്ങൾ. അതേസമയം തന്നെ ഒരു സാധാ രണ ബാല്യത്തിൽ നിന്ന് ഞങ്ങൾ ആകലെയായിരുന്നു. വാരാന്ത്യ ത്തിൽ ഒരു മണിക്കൂറോ മറ്റോ ഒഴിച്ചാൽ ഞങ്ങളെ പുറത്തു പോകാൻ അനുവദിച്ചിരുന്നില്ല.

**അതുകൊണ്ടാണോ ഏകാ ന്തത ഇഷ്ടപ്പെട്ടു തുടങ്ങിയത്?**

സ്കൂളിൽ പഠിക്കുമ്പോൾ ഞാൻ ബാഹ്യലോകത്തിൽ അതീവ തത്പരയും മത്സരബുദ്ധിയുമുള്ള കുട്ടിയായിരുന്നു. പലതിലും എന്നെ പങ്കെടുപ്പിക്കുമായിരുന്നു. കാരണം അവർ കരുതിയിരുന്നത് എന്റെ മുത്തശ്ശി അതൊക്കെ കാണാൻ അവിടെ വരുമെന്നാണ്. അതുകൊണ്ടാണോ അതോ നല്ല ജിംനാസ്റ്റിക് ആയതുകൊണ്ടാണോ ജിംനാസ്റ്റിക്സ് ടീമിൽ ഇടം പിടിച്ചതെന്ന് എനിക്കറിയില്ല. മാധ്യമങ്ങളിൽ നിന്നുള്ള സമ്മർദ്ദം കൂടിയപ്പോഴാണ് ഞാൻ ഒറ്റപ്പെടാൻ തുടങ്ങിയത്. സത്യത്തിൽ വളരെ സ്വകാര്യമായ ജീവിതം നയിച്ച വരാണ് ഞങ്ങൾ. അമ്മ ഞങ്ങളു ടെയും അവരുടെയും വ്യക്തി ജീവിതം തികച്ചും സ്വകാര്യ മായി സംരക്ഷിച്ചിരുന്നു. അമ്മയ്ക്ക് അച്ഛൻ രാഷ്ട്രീയത്തിൽ വരുന്നതിൽ താല്പര്യവുമില്ലായിരുന്നു. അച്ഛനു മൊത്തുള്ള സ്വകാര്യജീവിതം അമ്മ നിധിപോലെ കണക്കാക്കിയിരുന്നു. ഔദ്യോഗിക പരിപാടികളിലൊഴിച്ച് മാധ്യമങ്ങളിൽ നിന്നകന്നാണ് ഞങ്ങൾ വളർന്നത്. മുതിർന്നപ്പോൾ ഞാൻ കൂടുതൽ ഏകാന്ത വാസി യായത് എനിക്ക് കുട്ടികളുണ്ടായ പ്പോഴാണ്. മാധ്യമലോകം ആകെ മാറി. അത് എല്ലാറ്റിലും അനാവശ്യ മായി ഇടപെടുന്ന അവസ്ഥയിലായി. എന്റെയും കുട്ടികളുടെയും സ്വകാര്യത സംരക്ഷിക്കാനുള്ള ഒരു രീതിയായിരുന്നു എന്റെ അകന്നുനിൽക്കൽ.

**സുപ്രധാന രാഷ്ട്രീയ കുടും ബത്തിന്റെ ഭാഗമായിരുന്നിട്ടും കടുത്ത യാതനകൾ നേരിടേണ്ടി വന്നിട്ടില്ലേ?**

എന്റെ മുത്തശ്ശിക്ക് വെടിയേറ്റത് എനിക്ക് 12 വയസ്സുള്ളപ്പോഴായി രുന്നു. എന്റെ അച്ഛൻ കൊല്ലപ്പെട്ടത് എനിക്ക് 19 വയസ്സുള്ളപ്പോഴായിരുന്നു.



Download Copy

രണ്ടിനുമിടയിലുള്ള 7 വർഷം ഞാൻ യഥാർത്ഥത്തിൽ ജീവിച്ചത് എന്റെ അച്ഛൻ വധിക്കപ്പെടുമെന്ന ഭീതിയിലായിരുന്നു. അച്ഛൻ രാത്രി തിരിച്ചുവരുന്നതുവരെ ഞാൻ ഉറങ്ങാറില്ലായിരുന്നു. അച്ഛൻ പുറത്തു പോകുമ്പോഴൊക്കെ ഞാൻ കരുതിയിരുന്നത് ഇനി അച്ഛൻ തിരിച്ചുവരില്ലെന്നാണ്. അതുകൊണ്ടാണ് ഞാൻ ഏറെയും ശ്രമിച്ചത് എന്റെ കുട്ടികൾക്ക് സാധാരണ ബാല്യം നൽകാനാണ്.

**നീണ്ട ഒറ്റപ്പെടലിന് ശേഷമാണല്ലോ രാഷ്ട്രീയം പ്രവേശനം. എന്താണ് ജീവിതത്തിൽ സംഭവിച്ചത്?**

ഞാനെന്റെ കുട്ടികളെ മാത്രം നോക്കിയിരിക്കാൻ പോകുകയാണെന്ന് പറയാനുള്ള കഴിവ് എനിക്ക് കുറഞ്ഞുവരികയായിരുന്നു. കാരണം ഒരു പ്രത്യേക ദിശയിൽ എനിക്ക് എന്റേതായ വളർച്ചയുണ്ടായി. രാജ്യത്തും – എനിക്ക് ചുറ്റിലും നടക്കുന്ന സംഭവങ്ങൾ കൊണ്ടും നമ്മുടെ സ്വാതന്ത്ര്യസമര സേനാനികൾ പൊരുതിയതും കെട്ടിപ്പടുത്തതുമായ എല്ലാറ്റിന്റേയും നമ്മൾ കാണുന്നതിനേക്കാൾ അപ്പുറമുള്ള തകർച്ചയെക്കുറിച്ചാണ് ഞാൻ ആകുലയായത്. എല്ലാ ജനാധിപത്യസ്ഥാപനങ്ങളും ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

**മാധ്യമങ്ങളാകട്ടെ നീതിന്യായ വ്യവസ്ഥയാകട്ടെ, വിവരാവകാശമാകട്ടെ, എല്ലാം. ചുറ്റും നടന്നുകൊണ്ടിരിക്കുന്ന ഇതെല്ലാം കണ്ടിട്ട് എങ്ങനെ മക്കളെയും നോക്കിയിരിക്കും?**

ഞാൻ ഒരു കുരുശുയുദ്ധം നയിക്കുന്ന ആളല്ല. അതൊരിക്കലും ലോകത്തെ രക്ഷിക്കലും മറ്റുമല്ല. എന്നാലും ചിലതൊക്കെ നമുക്ക് ചെയ്യാനാകും. പത്തു പേരുടെ മനസ്സ് മാറ്റാൻ കഴിയുമെങ്കിൽ അത്രയും നല്ലതല്ലേ? അതാണ് പ്രാഥമികമായ പ്രചോദനം അത് എന്റെ മാത്രം തീരുമാനമായിരുന്നു. ആരുടെയും സമ്മർദ്ദം കൊണ്ടല്ല.

**പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബി.ജെ.പി നേതൃത്വവും താങ്കളുടെ ഭർത്താവിനെ ഭൂമിക്കച്ചവടക്കേസ്സിന്റെ പേരിൽ ആക്രമിച്ചുകൊണ്ടിരിക്കുകയാണല്ലോ. എന്താണ് പ്രതികരണം?**



## എനിക്കെന്റെ അച്ഛന്റെയും മുത്തശ്ശിയുടെയും കൊലപാതകത്തിന്റെ മാറാപ്പാണ് ചുമക്കേണ്ടിവന്നത്. എന്റെ കുട്ടികൾക്ക് അവരുടെ കുടുംബത്തിന് നേരെയുള്ള രാഷ്ട്രീയ കുപ്രചാരണത്തിന്റെ മാറാപ്പായിരിക്കും പേറേണ്ടിവരിക

ബി.ജെ.പി അതിവിദഗ്ദ്ധമായി ആസൂത്രണം ചെയ്ത ഏറെ നീണ്ടുനിന്ന പ്രചാരണമായിരുന്നു അത്. കാര്യങ്ങൾ അറിഞ്ഞുവന്ന് ഞങ്ങളുടെ ഭാഗം ഞങ്ങൾ പറയാൻ തുടങ്ങുമ്പോഴേയ്ക്കും അത് ആവശ്യത്തിലേറെ നഷ്ടം വരുത്തിയിരുന്നു. തെരഞ്ഞെടുപ്പ് സമയത്ത് അവർക്ക് തോന്നിയ ദിവസം എന്റെ ഭർത്താവിനെ എട്ടുമണിക്കൂർ വിസതരിക്കുകയും പിന്നീട് അതേപ്പറ്റി മിണ്ടാതിരിക്കുകയും ചെയ്തു. കൃത്യമായി രാഷ്ട്രീയലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത പ്രചാരണമായിരുന്നു അത്. പ്രചാരണ മാധ്യമങ്ങൾ അതിനെ അഭിവൃദ്ധിപ്പെടുത്തി. മോദിയുടെ ഭരണം ഒരു വ്യാഴവട്ട കാലം പൂർത്തിയാക്കിയിട്ടും സത്യം അവർ പുറത്തുകൊണ്ടുവന്നില്ല. അടുത്ത തെരഞ്ഞെടുപ്പിലും ഇതേ വിഷയം പൊടിതട്ടിയെടുത്ത് അവർ പ്രചാരണായുധമാക്കും.

**താങ്കളും കുട്ടികളും ആ മാറാപ്പ് വീണ്ടും പേറേണ്ടി വരുമെന്ന് ആശങ്കയുണ്ടോ?**

അതൊരു മാറാപ്പായി ഞാൻ കരുതുന്നതേയില്ല. എന്നെ സംബന്ധിച്ച് സത്യം മാത്രമാണ് എന്റെ പ്രശ്നം. രാഷ്ട്രീയ പ്രതിച്ഛായയെ അത് ബാധിച്ചേക്കാം. പക്ഷേ എന്നായാലും സത്യം പുറത്തുവരുമല്ലോ. എനിക്കെന്റെ അച്ഛന്റെയും മുത്തശ്ശിയുടെയും കൊലപാതകത്തിന്റെ മാറാപ്പാണ് ചുമക്കേണ്ടിവന്നത്. എന്റെ കുട്ടികൾക്ക് അവരുടെ കുടുംബത്തിന് നേരെയുള്ള രാഷ്ട്രീയ കുപ്രചാരണത്തിന്റെ മാറാപ്പായിരിക്കും പേറേണ്ടിവരിക. ഭക്ഷണം കഴിക്കാനില്ലാത്ത ഒരു ഗ്രാമീണ ബാലന് ദാരിദ്ര്യത്തിന്റെ മാറാപ്പായിരിക്കും ചുമക്കേണ്ടിവരിക മറ്റൊരു കുട്ടിക്ക് രോഗികളായ മാതാപിതാക്കളെ ആശുപത്രിയിൽ കൊണ്ടുപോകാനാകാത്ത മാറാപ്പായിരിക്കും പേറേണ്ടിവരിക. എന്തൊരു ജീവിതമാണിത് എന്ന് പറഞ്ഞ് നിരാശപ്പെട്ടിരിക്കുന്നവരുടെ കൂട്ടത്തിലുള്ള ഒരാളല്ല ഞാൻ എന്റെ അനുഭവങ്ങളാണ് ഞാൻ അനുഭവിച്ചു തീർത്തത്. ആരെക്കാളും കുറവാണെന്നോ കൂടുതലാണോ അതെന്ന് ഞാൻ പറയില്ല. അതൊരു വ്യത്യസ്ത വിഭാഗം പ്രശ്നങ്ങളും ക്ലേശങ്ങളുമാണ്




പാറ്റകൾ മാറ്റത്തിന്റെ മാറ്റൊലിയായി 01

പ്രൊഫസർ അപൂർവാനന്ദ്
ഡൽഹി സർവകലാശാല

# നഷ്ടസ്വരം വീണ്ടെടുത്ത ഭാരതം

- ഡൽഹിയിലെ വിദ്യാർത്ഥി സമരം നൽകുന്ന പാഠം ഇതാണ്
- ഭയപ്പെടാതിരിക്കുക
- ജനാധിപത്യ ബോധത്തെ വിശ്വാസത്തിലെടുക്കുക
- ഭരിക്കുന്നവർക്ക് മുമ്പിൽ വിവേചനാധികാരം അടിയറവയ്ക്കാതിരിക്കുക
- നിങ്ങളുടെ മനസ്സാക്ഷിയെ കീഴടക്കാൻ ഭരണകൂടത്തെ അനുവദിക്കാതിരിക്കുക


Download Copy







ഡൽഹിയിൽ നടന്ന വിദ്യാർത്ഥി സമരത്തിന്റെ വിജയം ഇന്ത്യയിലെ യുവജനങ്ങളുടെ വിജയമാണ്. അതിന്റെ ക്രെഡിറ്റ് അവകാശപ്പെടാനൊന്നും കോൺഗ്രസ്സില്ല. സമരത്തിന്റെ തുടക്കത്തിൽ കോൺഗ്രസ്സ് രംഗത്തു വരാതിരുന്നത് ബി.ജെ.പിയുടെ ദുഷ്പ്രചാരണം ഒഴിവാക്കാനുള്ള രാഷ്ട്രീയതന്ത്രമായിരുന്നു. വിദ്യാർത്ഥികൾക്ക് സർവ്വവിധമായ പിന്തുണയും നൽകിയിരുന്നു.

സമരത്തിന്റെ വിജയം ഏതെങ്കിലും ഒരു പ്ലാറ്റ്ഫോമിന്റെ വിജയമായി കാണുന്നില്ല. ജന്തർമന്തർ സമരത്തിൽ പരസ്യമായി വരേണ്ടതില്ല എന്നത് കോൺഗ്രസ്സിന്റെ ഒരു രാഷ്ട്രീയ തന്ത്രമായിരുന്നു. കോൺഗ്രസ്സ് ആദ്യ ഘട്ടത്തിൽ മുന്നിൽ വന്നിരുന്നെങ്കിൽ സർക്കാരിനെ അട്ടിമറിക്കാൻ കോൺഗ്രസ്സ് ശ്രമിക്കുന്നുവെന്നപ്രചാരണം ബി.ജെ.പി അഴിച്ചുവിടുമായിരുന്നു. വിദ്യാർത്ഥികൾക്ക് നിയമ സഹായം ഉൾപ്പെടെ കോൺഗ്രസ്സ് നൽകിയിരുന്നു.

കോൺഗ്രസ്സിന്റെ പിന്തുണയെക്കുറിച്ച് സമരം ചെയ്ത വിദ്യാർത്ഥികൾക്കറിയാം. ബി.ജെ.പിയുടെ മുന്നേറ്റത്തിൽ ആശങ്കയില്ല. സർക്കാരിന് എതിരായ എല്ലാ പ്രതിപക്ഷ മുന്നേറ്റങ്ങളെയും കോൺഗ്രസ്സ് സ്വാഗതം ചെയ്യുന്നു. ഉന്നയിക്കുന്ന വിഷയങ്ങളിൽ ആത്മാർത്ഥത ഉണ്ടായിരിക്കണം. സോനം വാംഗ്ചുക്കിനെ പോലെയാകരുത്.

കൊക്രോച്ച് ജനതാപാർട്ടി നടത്തിയ യുവജനപ്രക്ഷോഭത്തിന്റെ നേട്ടം ധർമ്മേന്ദ്ര പ്രധാന്റെ രാജിയിൽ ഒതുങ്ങുന്നതല്ല. ആഴമേറിയ ഒരു മുറിവാണ് അത് ഏൽപ്പിച്ചിരിക്കുന്നത്. നരേന്ദ്ര മോദി ഏറെ പണിപ്പെട്ട് നേടിയെടുത്ത അപരാജിതനായ ഭരണാധികാരി എന്ന പ്രതിച്ഛായയെ അത് തകർത്തു.

അമിത് ഷായുടെ രാഷ്ട്രീയ തന്ത്രജ്ഞതയെക്കുറിച്ചുള്ള മിഥ്യാധാരണയുടെ പൊള്ളത്തരം തുറന്നു കാട്ടി ഈ പ്രക്ഷോഭത്തെ നേരിടാൻ അമിത് ഷാ അഭയം പ്രാപിച്ചത് തന്റെ സഹജമായ വാസനയിലാണ് – വിയോജിക്കുന്ന ഓരോ ശബ്ദത്തെയും ഓരോ ജനാധിപത്യ രോദനത്തെയും നിശബ്ദമാക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുക.

നരേന്ദ്ര മോദിയുടെ ഏറ്റവും വലിയ രാഷ്ട്രീയ ആസ്തി ഒരിക്കലും അദ്ദേഹത്തിന്റെ ഭരണമായിരുന്നില്ല. മറിച്ച് അദ്ദേഹത്തിന്റെ ചുറ്റും ഉണ്ടായിരുന്ന പരിവേഷമായിരുന്നു, ഒരു പതിറ്റാണ്ടിലേറെയായി അജയ്യമായി തോന്നിച്ച പരിവേഷം. പൊതുജന അഭിപ്രായം സ്വരൂപിക്കാനും ചർച്ചകളെ ഇച്ഛാനുസരണം വഴിതിരിച്ചുവിടാനുമുള്ള കഴിവ് മോദിയാണെന്ന വിശ്വാസത്തിലാണ് ആ പ്രതിച്ഛായ നില നിന്നിരുന്നത്. ഈ പ്രക്ഷോഭത്തോടെ രാജ്യത്തിന്റെ കൺമുമ്പിൽ ആ പരിവേഷം തകർന്നു വീണു.

ചെറുപ്പക്കാർ പ്രധാനമന്ത്രിയെ ആയിരക്കണക്കിന് മീമുകളുടെ വിഷയമാക്കി അദ്ദേഹത്തിന് ചുറ്റും അതി സൂക്ഷ്മമായി നിർമ്മിച്ചെടുത്ത വിശുദ്ധിയുടെ പരിവേഷം പിച്ചിചീന്തപ്പെട്ടു. അവർ അദ്ദേഹത്തെ നോക്കി ചിരിച്ചു, പരിഹസിച്ചു, കാരിക്കേച്ചറുകൾ ചമച്ചു.

സംസാര സ്വാതന്ത്ര്യത്തിന്റെ വിജയമാണിത് വാക്കുകൊണ്ടും ഭാവനകൊണ്ടും സ്വന്തം ശക്തികൊണ്ടുമാണ് യുവാക്കൾ പോരാടിയത് ബുദ്ധിയുടെ മൂർച്ച കൊണ്ടുമാത്രമല്ല, നിശ്ചയദാർഢ്യത്തിന്റെ സ്ഥിരതകൊണ്ടും അവർ വിസ്മയിപ്പിച്ചു.

ഈ പ്രസ്ഥാനം ശേഷിപ്പിക്കുന്ന പാഠം ഇതാണ്, ഭയപ്പെടാതിരിക്കുക, ജനാധിപത്യ ബോധ്യത്തെ വിശ്വസിക്കുക, ഭരിക്കുന്നവർക്ക് മുന്നിൽ വിവേചനാധികാരം അടിയറ വയ്ക്കാതിരിക്കുക. നിങ്ങളുടെ മനസ്സാക്ഷിയെ കീഴടക്കാൻ ഭരണകൂടത്തെ അനുവദിക്കാതിരിക്കുക.

സ്വന്തം യുവത്വത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ഒരു രാജ്യം അതിന്റെ നഷ്ട സ്വരം വീണ്ടെടുക്കാൻ തുടങ്ങുന്ന നിമിഷമായി ഇത് മാറിയേക്കാം. യുവാക്കൾ ഇപ്പോൾ മുന്നോട്ടു വെച്ചിരിക്കുന്ന ഈ ദൗത്യത്തിനൊത്ത് നമ്മുടെ രാജ്യം ഉയരുമോ? കാലത്തിന് മാത്രം ഉത്തരം നല്കാനാകുന്ന ചോദ്യമാണിത്.



കെ.പി ഹരിദാസ്

- തുടക്കമാണ് കണ്ടത്; ശരിക്കുള്ള പ്രക്ഷോഭം വരാനിരിക്കുന്നതേയുള്ളൂ
- ദീപകെയ്ക്ക് ഭീഷണി സന്ദേശം
- നരേന്ദ്ര മോദി പ്രധാനമന്ത്രി പദം രാജി വെച്ച് സോഷ്യൽ ഇൻഫ്ളുവൻസറാകുന്നതാണ് നല്ലത്, അദ്ദേഹത്തിന്റെ വീഡിയോ സന്ദേശങ്ങൾ അതാണ് തെളിയിക്കുന്നത്.

# യഥാർത്ഥ പ്രക്ഷോഭം വരാനിരിക്കുന്നതേയുള്ളൂ





Download Copy





ഡൽഹിയിലെ വിദ്യാർത്ഥി സമരം അടിച്ചമർത്താൻ നടത്തിയ അതിക്രമങ്ങളുടെ പേരിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ രാജി വയ്ക്കണമെന്ന് ക്രോക്രോച്ച് ജനതാ പാർട്ടി സ്ഥാപകൻ അഭിജിത് ദീപ്കെ ആവശ്യപ്പെട്ടു.

ജൂലൈ 20ന് ഡൽഹിയിലെ പാർലമെന്റ് ചലോ മാർച്ചിനിടെ പ്രതിഷേധക്കാർക്കെതിരെ ലാത്തിച്ചാർജ്, കണ്ണീർവാതകം, പെല്ലറ്റ് ഗൺ എന്നിവ ഉപയോഗിച്ചത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അനുമതിയോടെയാണ്. അതിന്റെ ഉത്തരവാദിത്തം അമിത് ഷാ ഏറ്റെടുക്കണം, രാജ്യത്ത് ജനാധിപത്യം അപകടത്തിലാണ്, ജുഡീഷ്യറി ഉൾപ്പെടെയുള്ള ഭരണഘടനാ സ്ഥാപനങ്ങൾക്കെതിരെ ചോദ്യങ്ങൾ ഉയരുന്നുണ്ട്,' അഭിജിത്ത് ദീപ്കെ പറഞ്ഞു.

**സമീപകാലത്ത് സി.ജെ.പി വിദേശഫണ്ട് സ്വീകരിച്ചതായി ആരോപണമുണ്ടല്ലോ?**

അതൊക്കെ വെറും ആരോപണങ്ങൾ മാത്രം. അത്തരം ഫണ്ടിംഗ് നടന്നിട്ടുണ്ടെങ്കിൽ അത് കണ്ടെത്തുന്നതിൽ ആഭ്യന്തര മന്ത്രാലയം പരാജയപ്പെട്ടില്ലേ? അങ്ങനെയാണെങ്കിൽ അമിത് ഷാ രാജി വെക്കേണ്ടതല്ലേ?

**ജന്തർ മന്ദിറിൽ പ്രതിഷേധക്കാർ കടുത്ത അക്രമം നടത്തിയതായി റിപ്പോർട്ടുണ്ടല്ലോ?**

പ്രതിഷേധത്തെ അക്രമാസക്തമെന്ന് ചിത്രീകരിക്കാൻ ചിലർ മനപൂർവ്വം കല്ലെറിയുകയായിരുന്നു. പ്രതിഷേധം നടന്ന സ്ഥലത്തിന് സമീപം ഡൽഹി പോലീസ് കല്ലുകൾ നിറച്ച ട്രക്കുകൾ കൊണ്ടുവന്നു. പിന്നീടവ നിർമ്മാണ അവശിഷ്ടങ്ങളാണെന്ന് പറഞ്ഞു.

**പരീക്ഷ തട്ടിപ്പുകാർക്കുള്ള ശിക്ഷ കടുപ്പിക്കുന്നതിന് ലോക്സഭ പാസ്സാക്കിയ ബില്ലിനെക്കുറിച്ച് എന്ത് പറയുന്നു?**

ഒന്നൊന്നിന് പുറകെ ഒന്നായി നിയമങ്ങൾ പാസ്സാക്കപ്പെടുന്നുണ്ട്. പക്ഷെ ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നത് വരെ ഒന്നും സംഭവിക്കാൻ പോകുന്നില്ല. നിയമങ്ങൾ ശരിയായ രീതിയിൽ നടപ്പിലാക്കാതെ പ്രശ്നങ്ങൾ പരിഹരിക്കാനുമാവില്ല.

**നരേന്ദ്ര മോദി പങ്കുവെച്ചു കൊണ്ടിരിക്കുന്ന സോഷ്യൽ മീഡിയ വീഡിയോകളെ എങ്ങനെ കാണുന്നു?**

ആ ജോലിയാണ് അദ്ദേഹം നന്നായി ചെയ്ത് കൊണ്ടിരിക്കുന്നത്. അദ്ദേഹം സാമൂഹ്യ മാധ്യമങ്ങളിലെ ഇൻഫ്ളുവൻസറാകുന്നതാണ് കൂടുതൽ നല്ലത്. പ്രധാനമന്ത്രി കസേരയിൽ നിന്ന് രാജി വെച്ച് ആ ചുമതല മറ്റാരെയെങ്കിലും ഏൽപ്പിക്കണം.

**പ്രതിഷേധിച്ചവർക്കെതിരെ പോലീസ് വെടിവെച്ചത് ആഭ്യന്തര മന്ത്രി അമിത് ഷായുടെ നിർദ്ദേശാനുസരണമാണെന്ന് വിശ്വസിക്കുന്നുണ്ടോ?**

അദ്ദേഹം ആഭ്യന്തരമന്ത്രിയല്ലേ? സ്വാഭാവികമായും അദ്ദേഹമായിരിക്കുമല്ലോ ആ ഉത്തരവ് നൽകിയിട്ടുണ്ടാകുക. അതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് അമിത് ഷാ ഉടൻ രാജി വെക്കേണ്ടതാണ്. പ്രതിഷേധക്കാർക്ക് നേരെ

Download Copy










പെല്ലറ്റ് ഗണ്ണുകൾ ഉപയോഗിക്കുന്നതും ഞാൻ നേരിട്ട് കണ്ടതാണ്. ഡൽഹി പോലീസ് അമിത് ഷായ്ക്കാണ് റിപ്പോർട്ട് ചെയ്യുന്നത്. അമിത് ഷായ്ക്ക് ഇക്കാര്യത്തിൽ അറിവില്ലെങ്കിൽ മന്ത്രിയെന്ന നിലയിൽ അദ്ദേഹം പരാജയമാണ്.

**പുതിയ വിദ്യാഭ്യാസ മന്ത്രി പ്രഹ്ളാദ് ജോഷിയെക്കുറിച്ച് എന്ത് പറയുന്നു?**

ധർമ്മേന്ദ്ര പ്രധാന് പകരമൊരു വിചിത്ര മനുഷ്യനെ അവരോധിച്ചു എന്നാണ് കരുതേണ്ടത്. കാരണം പ്രഹ്ളാദ് ജോഷി ബലാത്സംഗികളെ അനുമോദിക്കുന്നത് നാം കണ്ടതാണ്.

**ഇനി ഏത് വിഷയമാണ് ഏറ്റെടുക്കാൻ പോകുന്നത്? എപ്പോഴായിരിക്കും അത്?**

ജന്തർ മന്ദിറിലെ സമരം വെറും തുടക്കം മാത്രമാണ്. ഇനിയും ഏറെ ദൂരം പോകാനുണ്ട്. അടുത്ത ഘട്ടത്തിൽ ഏത് വിഷയം ഏറ്റെടുക്കുമെന്നും അത് എപ്പോഴായിരിക്കുമെന്നും വഴിയേ പ്രഖ്യാപിക്കും. ഇക്കഴിഞ്ഞ സമരത്തെ പിന്തുണച്ചവർക്ക് മാത്രമല്ല വിമർശിച്ചവർക്കും സംശയിച്ചവർക്കുമെല്ലാം നന്ദി. കേന്ദ്ര സർക്കാർ നൽകിയ ഉറപ്പുകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാനാണ് ഉടനടി ശ്രദ്ധ കൊടുക്കുക. അതിനടുത്ത ഘട്ടത്തിൽ വിദ്യാഭ്യാസ-പരീക്ഷാ പരിഷ്കരണങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിന് മുമ്പാകെ വെച്ച അഞ്ച് ആവശ്യങ്ങൾ നടപ്പാക്കുന്നതിന് സമ്മർദ്ദം ചെലുത്തുന്നതിലായിരിക്കും സി.ജെ.പിയുടെ ഊന്നൽ.

**ധർമ്മേന്ദ്ര പ്രധാന്റെ രാജിക്ക് ശേഷം പ്രക്ഷോഭം കെട്ടടങ്ങിയാതി കരുതാമോ?**

കെട്ടടങ്ങിയിട്ടില്ല. പ്രക്ഷോഭം കൂടുതൽ ശക്തമാകാനിരിക്കുന്നതേയുള്ളൂ. പ്രക്ഷോഭത്തിൽ പങ്കെടുത്തവരാരും ഭീകരവാദികളല്ല. അവരെ വീണ്ടും ലക്ഷ്യം വച്ചാൽ പ്രക്ഷോഭം അതിശക്തമായി വീണ്ടും ആരംഭിക്കും.



**ജന്തർ മന്തിറിലെ സമരം വെറും തുടക്കം മാത്രമാണ്. ഇനിയും ഏറെ ദൂരം പോകാനുണ്ട്. അടുത്ത ഘട്ടത്തിൽ ഏത് വിഷയം ഏറ്റെടുക്കുമെന്നും അത് എപ്പോഴായിരിക്കുമെന്നും വഴിയേ പ്രഖ്യാപിക്കും. ഇക്കഴിഞ്ഞ സമരത്തെ പിന്തുണച്ചവർക്ക് മാത്രമല്ല വിമർശിച്ചവർക്കും സംശയിച്ചവർക്കുമെല്ലാം നന്ദി. കേന്ദ്ര സർക്കാർ നൽകിയ ഉറപ്പുകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാനാണ് ഉടനടി ശ്രദ്ധ കൊടുക്കുക**





### അഭിജിത്തിന് ഭീഷണി

കോക്രോച്ച് ജനതാ പാർട്ടി സ്ഥാപകൻ അഭിജിത്ത് ദീപ്കെയ്ക്ക് ഭീഷണിയുള്ളതായി പിതാവ് ഭഗവാൻ റാവു ദീപ്കെ പറഞ്ഞു. ബി.ജെ.പിയിൽ ചേർന്നില്ലെങ്കിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്നാണ് ഭീഷണി സന്ദേശത്തിൽ മുന്നറിയിപ്പ് നൽകുന്നത്.

മേയ് പകുതിയോടെ യൂട്യൂബിൽ വന്ന ഒരു റീലിലൂടെയാണ് ഭീഷണി ശ്രദ്ധയിൽപ്പെട്ടത്. അവന് ബി.ജെ.പി അംഗമായില്ലെങ്കിൽ അവന്റെ മാതാപിതാക്കൾ എവിടെയാണ് താമസിക്കുന്നതെന്ന് അറിയാമെന്നും അവരെ കൈകാര്യം ചെയ്യുമെന്നമായിരുന്നു ആ വീഡിയോയിലെ ഉള്ളടക്കം.

പരീക്ഷാ ക്രമക്കേടുകൾക്കെതിരെ ന്യൂഡൽഹിയിൽ ആഴ്ചകൾ നീണ്ട പ്രതിഷേധങ്ങൾക്ക് നേതൃത്വം നൽകിയ ശേഷം അഭിജിത്ത് സ്വന്തം വീട്ടിലേക്ക് മടങ്ങിയെത്തിയ സാഹചര്യത്തിലാണ് പിതാവിന്റെ വെളിപ്പെടുത്തൽ.

**മകനെക്കുറിച്ച് അഭിമാനം തോന്നുന്നില്ലേ?**

അവൻ മികച്ച രീതിയിലാണ് പ്രവർത്തിക്കുന്നത്. രാജ്യത്തിന് വേണ്ടി സ്വന്തം ജോലി പോലും ത്യജിച്ചു. താൻ നേടിയ വിദ്യാഭ്യാസം സ്വന്തം നേട്ടങ്ങൾക്കായി ഉപയോഗിക്കുന്നതിന് പകരം പൊതുജനങ്ങൾക്ക് വേണ്ടിയാണ് അവൻ വിനിയോഗിക്കുന്നത്.

**വിജയശ്രീലാളിതനായി എത്തിയ മകന് ഗംഭീര സ്വീകരണം നൽകേണ്ടതായിരുന്നുവല്ലേ?**

അനാവശ്യമായ ആഡംബരങ്ങളോ പ്രചാരണമോ അവൻ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് തന്നെ ലളിതമായ രീതിയിലാണ് കുടുംബ സ്വീകരണം ഒരുക്കിയത്. മുമ്പ് സ്വന്തം ഗ്രാമം സന്ദർശിച്ചപ്പോഴും അനാവശ്യമായ ആഘോഷങ്ങൾ അവൻ വിലക്കിയിരുന്നു.

ഡൽഹിയിലെ വിദ്യാർത്ഥി സമരം വിജയിപ്പിച്ച സി.ജെ.പി സ്ഥാപകൻ അഭിജിത്ത് ദീപ്കെയ്ക്ക് (30) വിവാഹാലോചനകളുടെ പ്രവാഹം. സമരം അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെട്ടതോടെയാണ് വിവാഹാലോചനകൾ ഊർജ്ജിതമായതെന്ന് അഭിജിത്തിന്റെ അമ്മ അനിതാ ദീപ്കെ പറഞ്ഞു.

അമ്മ: അഭിജിത്ത് ബോസ്റ്റണിലായിരുന്നപ്പോൾ തന്നെ വിവാഹക്കാര്യം സംസാരിച്ചിരുന്നു. അന്ന് വ്യക്തമായി മറുപടി പറഞ്ഞില്ല. എന്തായാലും തീരുമാനം മകന് വിടുന്നു. ഈ വർഷം അവസാനമോ അടുത്ത മാസം ആദ്യമോ വിവാഹം നടത്തണമെന്നാണ് ആഗ്രഹം. പക്ഷെ അഭിജിത്ത് വിവാഹത്തോട് മുഖം തിരിച്ചു നിൽക്കുകയാണ്.

**ഒന്നാം റാങ്ക് കൊടുക്കേണ്ട ആളിന്റെ ഉത്തരകടലാസ് പരിശോധിച്ച് ശരിയു ത്തരങ്ങൾ മനസ്സിലാക്കി ബാക്കി എല്ലാ ഉത്തരങ്ങളെയും മൂല്യനിർണ്ണയത്തിൽ നിന്നൊഴിവാക്കുന്നു. ക്രൈം ബ്രാഞ്ച് പ്രത്യക അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ**




# അടുത്ത ലക്ഷ്യം
# പി. എസ്. സി

ആശ മാത്യു



Download Copy

- **നിർമ്മിത ബുദ്ധിവരെ എത്തിനിൽക്കുന്ന പരിഷ്കൃത ലോകത്ത് ഇത്രയും അപരിഷ്കൃതമായ പരീക്ഷാ നടത്തിപ്പ് സംവിധാനം മറ്റൊരിടത്തും ഉണ്ടാകാനിടയില്ല.**
- **നാല് ഉദ്യോഗസ്ഥർക്കെതിരെ തെളിവുകൾ**
- **കെ.എ.എസ് ഉൾപ്പെടെ നിരവധി പരീക്ഷകൾ സംശയനിഴലിൽ**
- **നീറ്റ് ചോദ്യച്ചോർച്ചയെക്കാൾ ഭയാനകം**

ഇഷ്ടക്കാരെ ഉദ്യോഗത്തിൽ തിരുകി കയറ്റാൻ പി.എസ്.സി പ്രയോഗിച്ചുവരുന്നത് അസാമാന്യമായ ക്രിമിനൽ ബുദ്ധിയാണെന്ന് പ്രത്യേക അന്വേഷണ സംഘം (എസ്.ഐ.റ്റി) കണ്ടെത്തി. ഇതിനായി ആസൂത്രിതമായ ഒരു തിരക്കഥ തന്നെയുണ്ട്. രാഷ്ട്രീയ നിയമനങ്ങൾക്കായി വ്യവസ്ഥാപിതമായ ഒരു സംവിധാനത്തെയാകെ ദുരുപയോഗപ്പെടുത്തുന്നു. കഴിഞ്ഞ പത്ത് വർഷങ്ങൾക്കിടയിൽ പി.എസ്.സിയിൽ നടന്നത് നാടിനെ നടുക്കുന്ന നിയമന കൊള്ളയാണ്. ഡൽഹിയിൽ നടന്നത് വോട്ട് ചോർച്ചയാണെങ്കിൽ കേരളത്തിൽ നടന്നത് റാങ്ക് ചോർച്ചയാണ്.

പ്ലാനിംഗ് ബോർഡിൽ ഇടത് അനുഭാവിയായ നേതാവിന് ഒന്നാം റാങ്ക് ലഭിക്കാൻ ഉദ്യോഗസ്ഥർ വഴിവിട്ട നീക്കങ്ങളാണ് നടത്തിയതെന്ന് എസ്.ഐ.റ്റിക്ക് ബോധ്യപ്പെട്ടു. പി.എസ്.സിയിലെ നാല് ഉദ്യോഗസ്ഥന്മാർ ഈ ക്രമക്കേടിൽ ഇടപെട്ടതിനുള്ള തെളിവുകളും ലഭ്യമായി. പി.എസ്. സിയിലെ ഉന്നതർ ഉൾപ്പെടെ പല നിയമനങ്ങളിലും ഇടപെട്ടതിലുള്ള തെളിവുകൾ ഉദ്യോഗാർത്ഥികളിൽ പലരും എസ്ഐററിയിൽ ഹാജരാക്കി ഈ സാഹചര്യത്തിൽ വിവിധ പരീക്ഷകളെക്കുറിച്ച് വിശദമായ അന്വേഷണം നടത്താനാണ് എസ്.ഐടി തീരുമാനം നിലവിലുള്ള അന്വേഷണ സംഘം വിപുലീകരിക്കണമെന്നാവശ്യപ്പെട്ട് ആഭ്യന്തര വകുപ്പിന് എസ്.ഐ.റ്റി കത്ത് നൽകും.

ഇടത് അനുഭാവിയായ അരുൺ ജെ പ്രതാപിന് നിയമനം ലഭിക്കാൻ ക്രമക്കേട് നടത്തിയെന്നാണ് വിലയിരുത്തൽ. 9 മുതൽ 18 വരെയുള്ള 58 മാർക്കിന്റെ ചോദ്യങ്ങളുടെ മൂല്യനിർണ്ണയം നടത്താത്തതാണ് ഈ സംശയം വർദ്ധിക്കുന്നത്  അരുൺ ജെ. പ്രതാപ്  9 മുതൽ  6 ചോദ്യങ്ങൾക്ക് ഉത്തരം നൽകിയിരുന്നു.  ഒരു ചോദ്യത്തിന്  രണ്ട് വരിമാത്രമാണ് ഉത്തരമെഴുതിയത്. എഴുതിയ ഉത്തരം തെറ്റാണെന്ന് സംശയം ഉദ്യോഗാർത്ഥിക്ക് ഉണ്ടായതായി എസ്ഐ.റ്റി വിലയിരുത്തുന്നു.

അക്കാര്യം പി.എസ്.സി യുടെ ഉദ്യോഗസ്ഥരെ അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ എഴുതിയ മുഴുവൻ ഉദ്യോഗാർത്ഥികളുടെയും ഈ പത്ത് ചോദ്യങ്ങളുടെയും മൂല്യനിർണ്ണയം നടത്താതെ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുകയായിരുന്നു. ഇടത് സംഘടനാ പ്രവർത്തകനായ അരുൺ ജെ. പ്രതാപിന് ഇൻഡസ്ട്രിസ് ആന്റ് ഇൻഫ്രാസ്ട്രക്ചർ വിഭാഗം ചീഫായി നിയമനം നൽകുകയുണ്ടായി.

വിഷയത്തിൽ  പി.എസ്.സി ചെയർമാൻ ഡോ: എം.ആർ. ബൈജുവിന്റെ പങ്കാളിത്തമുൾപ്പെടെ എസ്.ഐ.ടി പരിശോധിക്കുമെന്നാണ് വിവരം.

അതിനിടെ കൂടുതൽ പരീക്ഷകളിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന പരാതിയും എസ്.ഐ.ടിക്ക് ലഭിക്കുന്നുണ്ട്. പരീക്ഷകളിലെ അഭിമുഖവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കില്ല. അത്തരം കാര്യങ്ങൾ  കോടതി നിർദ്ദേശാനുസരണം മാത്രമ പരിശോധിക്കാനാകൂ. നിലവിൽ 90 ലധികം വകുപ്പുകളുമായി ബന്ധപ്പെട്ട പരാതികളാണ് എസ്.ഐ.ടിക്ക് ലഭിച്ചത്. ഇതിൽ മിക്കതിലും പരാതിക്കാരുടെ മൊഴി എസ്.ഐ.ടി. രേഖപ്പെടുത്തി.

വർഷങ്ങളോളം ഉറക്കമിളച്ച് പഠിച്ച ലക്ഷക്കണക്കിന് പാവപ്പെട്ട ചെറുപ്പക്കാരുടെ ജീവിത സ്വപ്നങ്ങളാണ് ഇവിടെ തകർന്നു വീഴുന്നത്. അവരുടെ കണ്ണുനീർ കാണാതെ പോകുന്നത്.  പി.എസ്.സി നടത്തിയ ഈ വൻ അട്ടിമറിക്ക് ഉന്നതന്മാരുടെ ഒത്താശയുണ്ടെന്ന കാര്യത്തിൽ സംശയം വേണ്ട.

പി.എസ്.സി റാങ്ക് ലിസ്റ്റ് പുറത്തുവന്നാൽ പതിനഞ്ച് ദിവസങ്ങൾക്കകം പരാതികൾ നൽകണമെന്നാണ് വ്യവസ്ഥ. പക്ഷെ ആ പരാതിക്ക് മറുപടി കിട്ടാൻ വർഷങ്ങളെടുക്കും. ഇപ്പോൾ അന്വേഷണം നടക്കുന്ന കേസിൽ ഉത്തരക്കടലാസ് കിട്ടാൻ ഒരു വർഷവും ഏഴ് ദിവസവുമെടുത്തു. നിർമ്മിത ബുദ്ധിവരെ എത്തിനിൽക്കുന്ന പരിഷ്കൃത ലോകത്ത് ഇത്രയും അപരിഷ്കൃത ഔദ്യോഗിക  സംവിധാനങ്ങൾ മറ്റൊരിടത്തും ഉണ്ടാകുമെന്ന് തോന്നുന്നില്ല.

സംസ്ഥാന ഐ.എ.എസ് എന്ന് കരുതുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് (കെ.എ.എസ്) നടന്ന പരീക്ഷയും ഇപ്പോൾ സംശയത്തിന്റെ നിഴലിലാണ്. ഫിഷറീസ് ഉൾപ്പെടെ മറ്റ് നിരവധി വകുപ്പുകളിലേക്ക് നടന്ന നിയമനങ്ങളിലും തട്ടിപ്പ് നടന്നതായാണ് സൂചന.

ഡൽഹിയിലെ നീറ്റ് പരീക്ഷാ ചോദ്യച്ചോർച്ചയെക്കാൾ ഗുരുതരമാണ് കേരള പി.എസ്.സിയിലെ നിയമന കൊള്ള. ഡൽഹിയിലെ സമരം ഏതാണ്ട് അവസാനിച്ച സാഹചര്യത്തിൽ പാറ്റകൾ പി.എസ്.സി ലാക്കാക്കി പുറപ്പെട്ടു കഴിഞ്ഞു എന്നാണ് റിപ്പോർട്ട്. ചില സിനിമാ നടന്മാരും ആക്ടിവിസ്റ്റുകളും പാറ്റകളെ സഹായിക്കാൻ രംഗത്തുണ്ട്. നടന്മാരായ ടൊവിനോ തോമസും ചന്തുവും ആക്ടിവിസ്റ്റായ രഞ്ജിനി ഹരിദാസുമൊക്കെ ഇതിനകം തന്നെ പരസ്യമായി രംഗത്തിറങ്ങിക്കഴിഞ്ഞു.

ഡൽഹിയിലെ സമരം വിജയിപ്പിക്കാൻ ഡോ. അംബദ്കറുടെ ചിത്രവുമെടുത്ത് ജന്തർമന്ദിറിലേക്ക് പോയ ഇടതുപക്ഷ എം.പി മാരായ ജോൺ ബ്രിട്ടാസും കെ. രാധാകൃഷ്ണനും എ.എ റഹീമും, സന്തോഷ് കുമാറും സുനീറുമൊക്കെ കേരളത്തിൽ നടക്കാൻ പോകുന്ന സമരത്തിലും പങ്കെടുക്കുമോ?

Download Copy







# പ്രതികരിക്കാൻ പ്രചോദനമേകുന്നു ഈ സഹന സമരം

## ജനങ്ങൾ എത്ര പവർഫുൾ ആണെന്ന് തെളിഞ്ഞു

## നീതി കിട്ടിയ പ്രതീതി

## യുവത ഒന്നിച്ചാൽ അത്ഭുതങ്ങൾ സംഭവിക്കും

പൊതു സമൂഹത്തിലും സാമൂഹ്യ മാധ്യമങ്ങളിലും ഇത്രയും അലയൊലികൾ സൃഷ്ടിച്ച  ഒരു സമരം ഡൽഹിയിലെ വിദ്യാർത്ഥി സമരം പോലെ മാറ്റൊന്നില്ല. കോക്രോച്ച് ജനതാ പാർട്ടിയുടെ നേതൃത്വത്തിൽ ജന്തർ മന്ദറിൽ ഒരു മാസത്തിലറെയായി നടന്ന സമരത്തിനൊടുവിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ രാജി വെച്ചു. ഒപ്പം സമരവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത എല്ലാ കേസുകളും റദ്ദാക്കണമെന്ന വിദ്യാർത്ഥികളുടെ ആവശ്യം കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്.

ഈ രാജ്യത്തെ യുവത ഒന്നിച്ച് അണിനിരന്നപ്പോൾ സമാനതകളില്ലാത്ത വിജയങ്ങളിലൊന്നാണ് ഉണ്ടായത്. ഇത് കാണുമ്പോൾ വ്യക്തിപരമായി പ്രതീക്ഷ മാത്രമല്ല ഉണ്ടായത്, സന്തോഷമുണ്ടായി. ഹൃദയത്തിൽ നിന്നും ഒരു വലിയ ഭാരം ഒഴിഞ്ഞുപോയതുപോലെ തോന്നുന്നു. കഴിഞ്ഞ ഏതാനും ആഴ്ചകളായി ചിന്തകളിൽ ഈ വിഷമമുണ്ടായിരുന്നു. ജനം പറയുന്നതിന് ചെവികൊടുക്കാത്ത ഒരു രാജ്യത്തായിരിക്കും ഞാൻ ജീവിക്കുന്നതെന്ന് തോന്നിയിരുന്നു. പക്ഷെ ഈ കുട്ടികൾ അവരുടെ നിലപാടുകളിൽ ഉറച്ചുനിന്ന് പോരാടി. മറുവശത്ത് നിന്ന് ഇതിനെ ഇല്ലാതാക്കാൻ നിരന്തരശ്രമവും ഉണ്ടായി. ക്രോക്രോച്ച് ജനതാ പാർട്ടിക്കും ഈ സമരത്തിൽ പങ്കെടുത്ത മുഴുവൻ കുട്ടികൾക്കും പിന്തിരിയാതിരുന്നതിന് അഭിനന്ദനങ്ങൾ. ഇത് നിങ്ങളുടെ വിജയമാണ്. എല്ലാവരുടെ പേരിലും ഞാൻ നന്ദി അറിയിക്കുന്നു, ഞങ്ങൾക്കു വേണ്ടി ഇത് ചെയ്തതിന്.

ആവശ്യമുള്ളപ്പോഴെല്ലാം പ്രതികരിക്കാൻ ഞങ്ങൾക്ക് പ്രചോദനം നൽകുകയാണ് ഈ സമരത്തിലൂടെ നിങ്ങൾ.എല്ലാ ചെറുപ്പക്കാരോടും എനിക്ക് പറയാനുള്ളത് നിങ്ങൾ വോട്ട് ചെയ്യണം എന്നാണ്. നിങ്ങളാണ്  ഈ രാജ്യത്തെ ഭൂരിപക്ഷം. ആ ശക്തി നിങ്ങൾ ഉപയോഗിക്കണം. ജനങ്ങളെ കേൾക്കുന്നവരെ ഭരണത്തിലെത്തിക്കണം. 18 വയസ്സാകുമ്പോൾ തന്നെ നിങ്ങൾ വോട്ടർ ഐ.ഡി. കാർഡ് നേടൂ. ഓരോ തെരഞ്ഞെടുപ്പിലും വോട്ട് ചെയ്യൂ. കാരണം നിങ്ങളാണ് ഈ രാജ്യത്തിന്റെ ഭാവി. ഇത് എന്നെ സംബന്ധിച്ച് വ്യക്തിപരമായ ഒരു വിജയം പോലെയും തോന്നുന്നു. നീതി കിട്ടിയ പ്രതീതി. കാര്യങ്ങൾ മനസ്സിലാക്കിയതിനും രാജി വെച്ചതിനും ധർമ്മേന്ദ്ര പ്രധാൻജിക്കും നന്ദി. പ്രതിഷേധസ്വരം കേട്ടതിന് സർക്കാരിനും നന്ദി നേരത്തെകേട്ടിരുന്നെങ്കിൽ ലാത്തിച്ചാർജ്ജും ആശുപത്രി കേസുകളും ഉണ്ടാവില്ലായിരുന്നു. ഇപ്പോൾ നമുക്കറിയാം ഈ രാജ്യത്തെ ജനം എത്ര പവർഫുൾ ആണെന്ന്. അത് മനസ്സിലാക്കി തന്നതിന് നന്ദി.



എം.ടി. വാസുദേവൻ നായർ

ഓണനാളിൽ
ഓർക്കുക എം.ടി.യെ
ഈ കവിതയെയും

# എന്റെ മലയാളം

മലയാളമാണ് എന്റെ ഭാഷ
എന്റെ ഭാഷ എന്റെ വീടാണ്
എന്റെ ആകാശമാണ്
ഞാൻ കാണുന്ന നക്ഷത്രമാണ്
എന്നെ തഴുകുന്ന കാറ്റാണ്
എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർ വെള്ളമാണ്
എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്,
എന്റെ ഭാഷ ഞാൻ തന്നെയാണ്
ഏത് നാട്ടിലെത്തിയാലും ഞാൻ
സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ്
എന്റെ ഭാഷ ഞാൻ തന്നെയാണ്

Download Copy

# കേരളത്തിലെ അങ്കണവാടി ജീവനക്കാർക്ക് വേതന വർദ്ധനവ്




## ജീവനക്കാർക്ക് സ്മാർട്ട് ഫോൺ നൽകി; സ്ഥാനക്കയറ്റം ഉറപ്പാക്കി. പ്രതിവർഷം 20 ദിവസം അവധി.

## അഞ്ചുവർഷത്തെ സേവന പരിചയമുള്ള സഹായികൾക്കായി 50% സൂപ്പർവൈസർ തസ്തിക സംവരണം ചെയ്തു.

## പ്രസവാവധി 180 ദിവസമാക്കി ഉയർത്തി.

## ഗർഭച്ഛിദ്രമാണെങ്കിൽ 45 ദിവസത്തെ ശമ്പളത്തോടുകൂടിയ അവധി.

## അഞ്ചു ലക്ഷം രൂപയുടെ ലൈഫ് ഇൻഷുറൻസ് പരിരക്ഷ.

സുമ കൊല്ലങ്കോട്

2018 ഒക്ടോബർ ഒന്നു മുതൽ കേന്ദ്ര സർക്കാർ അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം ?3,000-ൽ നിന്ന് ?4,500 രൂപയായും, അങ്കണവാടി സഹായികളുടെ ഓണറേറിയം ?1,500-ൽ നിന്ന് ?2,250 രൂപയായും വർദ്ധിപ്പിച്ചു. ഇതിനുപുറമെ പ്രതിമാസം ?500 രൂപയും സഹായികൾക്ക് ?250 രൂപയും പ്രകടനാധിഷ്ഠിത പ്രോത്സാഹനധന മായും നൽകിവരുന്നു.

കേന്ദ്ര നൽകുന്നതിനു പുറമെ സംസ്ഥാനങ്ങൾ നൽകുന്ന അധിക ഓണറേറിയവുമുണ്ട്. കേരള ത്തിൽ അങ്കണവാടി ജീവനക്കാർക്ക് സംസ്ഥാന സർക്കാർ ?8,300 രൂപയും സഹായികൾക്ക് ?6,800 രൂപയും അധികമായി നൽകുന്നുണ്ട്.

എല്ലാം കൂട്ടിയാൽ കേരളത്തിൽ ഒരു അങ്കണ വാടി ജീവനക്കാരിക്ക് പ്രതിമാസം ?13,300 രൂപ ഓണറേറിയമായി ലഭിക്കും; സഹായിക്ക് ?9,300 രൂപയും.

കേന്ദ്ര വനിതാ ശിശുവികസന വകുപ്പ് മന്ത്രി സ്മൃതി ഇറാനി ലോക്സഭയിൽ വെളിപ്പെടുത്തിയ താണ് ഈ വിവരങ്ങൾ.

അങ്കണവാടി പ്രവർത്തകർക്ക് സ്മാർട്ട് ഫോണു കൾ നൽകി സാങ്കേതികമായി ശാക്തീകരിച്ചിട്ടുണ്ട്. അങ്കണവാടി ജീവനക്കാർക്കും സഹായികൾക്കും സ്ഥാനക്കയറ്റത്തിനുള്ള അവസരങ്ങൾ വർദ്ധിപ്പിച്ചു. അഞ്ചുവർഷത്തെ സേവന പരിചയമുള്ള സഹായി കൾക്കായി അങ്കണവാടി പ്രവർത്തകരുടെ 50 ശതമാനം ഒഴിവുകൾ സംവരണം ചെയ്തു.

അഞ്ചുവർഷത്തെ സേവന പരിചയവും നിശ്ചിത യോഗ്യതയുമുള്ള അങ്കണവാടി പ്രവർത്തകർക്കായി 50 ശതമാനം സൂപ്പർ വൈസർ തസ്തികകൾ സംവരണം ചെയ്തിട്ടുണ്ട്. പ്രതിവർഷം 20 ദിവസത്തെ അവധിക്കും അർഹതയുണ്ട്. 180 ദിവസത്തെ പ്രസവാവധിയും ഗർഭച്ഛിദ്രം സംഭവിച്ചാൽ 45 ദിവസത്തെ ശമ്പളത്തോടുകൂടിയ അവധിയും അനുവദിച്ചിട്ടുണ്ട്.

പെൻഷന് യോഗ്യരായ അങ്കണവാടി ജീവനക്കാർക്കും സഹായികൾക്കും പ്രധാന മന്ത്രി ശ്രമ യോഗി മാൻധൻ പെൻഷൻ പദ്ധതിയിൽ അംഗങ്ങളാകാൻ സംസ്ഥാന സർക്കാരുകളോട് നിർദ്ദേശിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമ യോജന പ്രകാരം 18 നും 50 നും ഇടയിൽ പ്രായമുള്ളവർക്ക് രണ്ടു ലക്ഷം രൂപയുടെ ലൈഫ് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കി യിട്ടുണ്ട്. 1859 വയസ്സുകാർക്ക് അഞ്ചു ലക്ഷം രൂപയുടെ പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പരിരക്ഷയുമുണ്ട്. വിരമിക്കൽ തീയതി ഏപ്രിൽ 30 ആയി ഏകീകരിച്ചി ട്ടുണ്ട്. ആയുഷ്മാൻ ഭാരത്, പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പ്രകാരം അഞ്ചു ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് ഉറപ്പാക്കിയിട്ടുണ്ട്.


Download Copy


No.49014/1/2017-Estt.(C)Pt.
Government of India
Ministry of Personnel, PG & Pensions
Department of Personnel & Training
*****

North Block, New Delhi
Dated: 4th September, 2019

**OFFICE MEMORANDUM**

Subject : Equal pay for Equal Work for Casual workers : Compliance with earlier instructions and Hon'ble Court's Judgements thereon

The undersigned is directed to refer to this Department's O.M.No.49014/2/86-Estt.(C) dated 07.06.1988 wherein it was, inter alia, stated that:

- Where the nature of work entrusted to the casual workers and regular employees is the same, the casual workers may be paid at the rate of 1/30th of the pay at the minimum of the relevant pay scale plus dearness allowance for work of 8 hours a day.
- In cases where the work done by a casual worker is different from the work done by a regular employee, the casual worker may be paid only the minimum wages notified by the Ministry of Labour & Employment or the State Government/Union Territory Administration, whichever is higher, as per the Minimum Wages Act, 1948.
- Persons on daily wages (casual workers) should not be recruited for work of regular nature.

2. The above instructions have been issued keeping in view th judgements of the Hon'ble Supreme Court. It is reiterated that it is tl responsibility of all Ministries/Departments to follow the above instructio in letter and spirit.

Surya Narayan Jha
4-9-19
(Surya Narayan Jha)
Under Secretary to the Government of India
Telefax: 23094248

To
All Ministries/Departments of Government of India.
(As per standard List)




# കെ.എസ്.ഇ.ബി.യിലെ കരാർ ജീവനക്കാർ പോരാട്ടത്തിലേയ്ക്ക്



ഗോവിന്ദൻ ഇട്ടേപ്പാടൻ

കേരളത്തിന്റെ ഊർജ്ജ മേഖലയുടെ നട്ടെല്ലാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി.). എന്നാൽ, ഈ സ്ഥാപനത്തെ വെളിച്ചത്തിൽ നിർത്തുന്നതിൽ വലിയൊരു പങ്ക് വഹിക്കുന്ന കരാർ ജീവനക്കാരുടെ ജീവിതം ഇന്നും ഇരുളടഞ്ഞ അവസ്ഥയിലാണ്. സ്ഥിരം ജീവനക്കാരുടെ അതേ ജോലിഭാരവും അപകടസാധ്യതയും ചുമക്കുമ്പോഴും, തുച്ഛമായ വേതനവും സാമൂഹിക സുരക്ഷിതത്വമില്ലായ്മയുമാണ് കെ.എസ്.ഇ.ബി.യിലെ ആയിരക്കണക്കിന് വരുന്ന കരാർ തൊഴിലാളികൾക്ക് ലഭിക്കുന്നത്. ഈ വിവേചനത്തിനെതിരെയുള്ള പ്രതിഷേധങ്ങൾക്കിടയിലാണ് 'തുല്യ ജോലിക്ക് തുല്യ വേതനം' എന്ന ഭരണഘടനാ തത്വം വീണ്ടും ചർച്ചയാകുന്നത്.

സുപ്രീം കോടതി വിധിയും യാഥാർത്ഥ്യവും 2016-ൽ 'സ്റ്റേറ്റ് ഓഫ് പഞ്ചാബ് വി. ജഗ്ജിത് സിംഗ്' കേസിൽ രാജ്യത്തെ പരമോന്നത കോടതി പുറപ്പെടുവിച്ച ചരിത്രപരമായ വിധി കെ.എസ്.ഇ.ബി.യിലെ കരാർ ജീവനക്കാർക്ക് വലിയ പ്രതീക്ഷ നൽകിയ ഒന്നാണ്.

സുപ്രീം കോടതി നിരീക്ഷണം: സ്ഥിരം ജീവനക്കാർ ചെയ്യുന്ന അതേ ജോലിയും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്ന കരാർ, താൽക്കാലിക, ദിനബത്ത ജീവനക്കാർക്ക് തുല്യ വേതനത്തിന് അർഹതയുണ്ട്. മനുഷ്യാവകാശ വശം: ഒരേ ജോലി ചെയ്യുന്ന രണ്ടുപേർക്ക് രണ്ടുതരം വേതനം നൽകുന്നത് സാമ്പത്തിക ചൂഷണവും ഭരണഘടനയുടെ ആർട്ടിക്കിൾ 14 (സമത്വത്തിനുള്ള അവകാശം) ഉറപ്പുനൽകുന്ന തത്വങ്ങളുടെ ലംഘനവുമാണ്. സ്ഥിതി സമത്വം: മനുഷ്യന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ ന്യായമായ വേതനം അത്യാവശ്യമാണെന്ന് കോടതി വ്യക്തമാക്കി.

### കെ.എസ്.ഇ.ബി.യിലെ പ്രതിസന്ധികൾ

സുപ്രീം കോടതിയുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നിലനിൽക്കെത്തന്നെ കെ.എസ്.ഇ.ബി.യിൽ കരാർ തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്:

ശമ്പള വൈരുദ്ധ്യം: സ്ഥിരം ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ ചെറിയൊരു ശതമാനം മാത്രമാണ് സമാന ജോലി ചെയ്യുന്ന കരാർ ജീവനക്കാർക്ക് ലഭിക്കുന്നത്.

സുരക്ഷയില്ലായ്മ: കാറ്റും മഴയും അവഗണിച്ച് ലൈൻ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ ജീവൻ വരെ അപകടത്തിലാകുന്നുണ്ടെങ്കിലും, അർഹമായ ഇൻഷുറൻസ് ആനുകൂല്യങ്ങളോ സാമ്പത്തിക സുരക്ഷിതത്വമോ ഇവർക്കില്ല.

ആനുകൂല്യങ്ങളുടെ നിഷേധം: പെൻഷൻ, ഇ.എസ്.ഐ, പി.എഫ്, പ്രസവാവധി തുടങ്ങിയ അടിസ്ഥാന ആനുകൂല്യങ്ങളിൽ പലതും കരാർ തൊഴിലാളികൾക്ക് കൃത്യമായി ലഭിക്കുന്നില്ല.

ഒരു ക്ഷേമ സംസ്ഥാനത്ത്, പൊതുമേഖലാ സ്ഥാപനങ്ങൾ തന്നെ തൊഴിലാളി വിരുദ്ധ നയങ്ങൾ തുടരുന്നത് ജനാധിപത്യ മൂല്യങ്ങൾക്ക് നിരക്കുന്നതല്ല. സുപ്രീം കോടതി വിധി പൂർണ്ണമായും ഉൾക്കൊണ്ട്, കെ.എസ്.ഇ.ബി.യിലെ കരാർ ജീവനക്കാർക്ക് അർഹമായ തുല്യ വേതനവും ജോലി സുരക്ഷിതത്വവും ഉറപ്പാക്കാൻ സർക്കാർ അടിയന്തരമായി ഇടപെടേണ്ടതുണ്ട്.



# ലോകം കീഴടക്കിയ അച്ഛനും മകളും

മാലതി മേനോൻ

**ലോകത്തെവിടെയും പുതിയ കൃഷിരീതികൾ അവലംബിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾക്കും സംശയനിവൃത്തി വരുത്തിയിരുന്ന കാർഷിക വൈജ്ഞാനികനായിരുന്നു അന്തരിച്ച ഡോ: എം.എസ്. സ്വാമിനാഥൻ. അദ്ദേഹത്തിന്റെ മകൾ ഡോ: സൗമ്യ സ്വാമിനാഥൻ ലോകാരോഗ്യ സംഘടനയുടെ ഡെപ്യൂട്ടി ജനറൽ എന്ന നിലയിൽ എല്ലാ രാജ്യങ്ങളിലുമുള്ള പട്ടിണിപാവങ്ങളായ  രോഗികൾക്ക് ഏറ്റവും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കിക്കൊണ്ടിരിക്കുന്നു. ഈ അച്ഛന്റെയും മകളുടെയും പേരിനൊപ്പം ചേർത്തുവെക്കാൻ മറ്റാരുമില്ല എന്നതാണ് യാഥാർത്ഥ്യം.**



Download Copy

ഏറ്റവും പ്രാമുഖ്യമുള്ള രണ്ട് സേവന മേഖലകളിൽ പ്രാവീണ്യം തെളിയിച്ച ഒരച്ഛനും മകളും. ഇന്ത്യയിൽ ഹരിത വിപ്ലവത്തിന്റെ നായകൻ ഡോ: എം.എസ്. സ്വാമിനാഥനാണ് അച്ഛൻ. ലോകാരോഗ്യ സംഘടനയുടെ ഡെപ്യൂട്ടി ജനറലായ ഡോ: സൗമ്യ സ്വാമിനാഥനാണ് മകൾ.

ലോകത്തെവിടെയും പുതിയ കൃഷിരീതികൾ അവലംബിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് സംശയനിവൃത്തി വരുത്തിയിരുന്ന കാർഷിക വൈജ്ഞാനികനാണ് സ്വാമിനാഥൻ. കേരളത്തെ സംബന്ധിച്ചിടത്തോളം കുട്ടനാട് പാക്കേജിന്റെ സൃഷ്ടാവ്. ഇന്ത്യൻ കാർഷിക മേഖലയുടെ ചരിത്രത്തിൽ ഡോ: എം.എസ്. സ്വാമിനാഥന്റെ പേരിനൊപ്പം ചേർത്തുവെക്കാൻ മറ്റൊരു വ്യക്തിത്വമില്ല എന്നതാണ് യാഥാർത്ഥ്യം.

സ്വാമിനാഥന്റെ പുത്രി സൗമ്യ സ്വാമിനാഥൻ സമസ്ത ലോകത്തിന്റെയും സൗഖ്യത്തിനായി യത്നിക്കുന്നു. അതിന് വേണ്ട പരിജ്ഞാനവും പരിചയവും ഇന്ത്യയിലെ ആരോഗ്യ മേഖലയിൽ നിന്ന് അവർ നേടിയിട്ടുണ്ട്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ ഡയറക്ടർ ജനറലായും ആരോഗ്യ ഗവേഷണ വകുപ്പ് സെക്രട്ടറിയായും ദീർഘകാലം സേവനമനുഷ്ഠിച്ചു. ലോകാരോഗ്യ സംഘടനയുടെ തലപ്പത്ത് എത്തുന്ന ആദ്യത്തെ ഇന്ത്യക്കാരിയുമാണ് സൗമ്യ. ക്ഷയരോഗ നിവാരണത്തിൽ സൗമ്യ നടത്തിയ ഗവേഷണങ്ങൾ ലോക ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. പ്രശസ്തയായ ഒരു പീഡിയാട്രീഷ്യനും ക്ലിനിക്കൽ സയന്റിസ്റ്റുമാണ് അവർ.

എം.എസ്. സ്വാമിനാഥന്റെ മൂന്ന് പെൺമക്കളിൽ ഒരാളായ സൗമ്യയുടെ അമ്മ മൈന ഒരു പ്രമുഖ വിദ്യാഭ്യാസ വിദഗ്ധയാണ്. പ്രീ-സ്കൂൾ കുട്ടികളുടെ വികസനത്തിനായി രൂപീകരിച്ച പഠനസംഘത്തിന്റെ അധ്യക്ഷയുമായിരുന്നു അവർ. പഠനത്തിന് ശേഷം അവർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സംയോജിത ശിശുവികസന



ഡോ: എം.എസ്. സ്വാമിനാഥന്റെ
മകൾ ഡോ: സൗമ്യ സ്വാമിനാഥൻ

പദ്ധതികൾ രൂപപ്പെടുത്തിയത്.

ഡോ: എം.എസ്. സ്വാമിനാഥന്റെ അവസാന നാളുകളിൽ കാർഷിക മേഖലയിലെ പ്രതിസന്ധികൾ രൂക്ഷമായിരുന്നു. രാജ്യത്തൊട്ടാകെ സംഭവിച്ചു കൊണ്ടിരുന്ന കർഷകരുടെ ആത്മഹത്യയിൽ അദ്ദേഹം ആശങ്കാകുലനായിരുന്നു. ഇതിന് പരിഹാരം കാണാനുള്ള വ്യക്തമായ പാക്കേജുകൾ അദ്ദേഹം കാലാകാലങ്ങളിൽ ഭരണാധികാരികൾക്ക് സമർപ്പിച്ചിരുന്നു. പക്ഷെ അത് ഫലപ്രദമായി നടപ്പാക്കാനുള്ള ഇച്ഛാശക്തിയും സമർപ്പണ ബോധവും പ്രാദേശിക ഭരണ കൂടങ്ങൾക്ക് ഇല്ലാതെ പോയി. കുട്ടനാട് പാക്കേജിന് എന്ത് സംഭവിച്ചു എന്ന് നമുക്കറിയാമല്ലോ.

ലോകം മുഴുവനുമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മഹാ ദൗത്യമാണ് ഡോ: സൗമ്യ സ്വാമിനാഥൻ ഏറ്റെടുത്തിട്ടുള്ളത്. പ്രഗത്ഭനായ അച്ഛന്റെ പ്രഗത്ഭയായ മകൾ എന്ന ഖ്യാതി അവർക്കുണ്ട്. എല്ലാ രാജ്യങ്ങളിലുമുള്ള പട്ടിണി പാവങ്ങളായ രോഗികൾക്ക് ഏറ്റവും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുക എന്നതാണ് സൗമ്യയുടെ ലക്ഷ്യം. ഇതിനായി നവമാധ്യമങ്ങളെയും സ്റ്റാർട്ട് അപ്പുകളെയും കാര്യമായി അവർ ഉപയോഗിക്കുന്നു. പകർച്ചവ്യാധികൾ തടയാനും പകരാത്ത രോഗങ്ങൾക്ക് ചികിത്സ കണ്ടെത്താനും ബൃഹത്തായ പദ്ധതികൾ തന്നെ തയ്യാറാക്കിയിട്ടുണ്ട്.

ഇന്ത്യയിലെ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ ലോകാരോഗ്യ സംഘടനയ്ക്ക് മാർഗ്ഗരേഖയാക്കുക എന്നതും സൗമ്യയുടെ ലക്ഷ്യങ്ങളിലൊന്നാണ്.

സമീപകാലത്ത് ഇന്ത്യയിൽ നടന്ന ഒരു സർവേയിൽ പ്രമേഹവും രക്തസമ്മർദ്ദവും വരാൻ സാധ്യതയുള്ള ഒരു വൻ ജനസമൂഹമുണ്ടെന്ന് കണ്ടെത്തിയിരുന്നു. 60 ദശലക്ഷം പേർക്ക് പ്രമേഹമുണ്ടെങ്കിൽ അത് വരാൻ സാധ്യതയുള്ളവരുടെ എണ്ണം 70 ദശലക്ഷമാണ്. രോഗസാധ്യതയുള്ളവർ അതിവേഗമാണ് രോഗത്തിലേക്ക് വഴുതിവീണുകൊണ്ടിരിക്കുന്നത്. പാവപ്പെട്ട രോഗികളുടെ കാര്യമാണ് ഏറെ കഷ്ടം. കാർബോഹൈഡ്രേറ്റ് കൂടുതലുള്ള ആഹാരം മാത്രമെ അവർക്ക് കഴിക്കാൻ സാധിക്കുന്നുള്ളൂ. പഴവർഗ്ഗങ്ങളും പച്ചക്കറികളും അവർക്ക് അപ്രാപ്യമാണ്. ഇവർക്ക് വേണ്ടി നയപരമായ ചില തീരുമാനങ്ങൾ എടുക്കേണ്ടതുണ്ടെന്ന് ഡോ: സൗമ്യ ചൂണ്ടിക്കാണിക്കുന്നു. തന്റെ പിതാവ് മരിക്കുന്നതിന് മുൻപ് സുപ്രധാനങ്ങളായ വിഷയങ്ങളിൽ അദ്ദേഹത്തിന്റെ വിദഗ്ദ്ധ ഉപദേശങ്ങൾ ലഭിക്കുമായിരുന്നുവെന്നും ഡോ: സൗമ്യ പറഞ്ഞു.



# മാക്കോസ്റ്റിൻ മരച്ചുവട്ടിലെ സർഗ്ഗ സപര്യ

ബാലചന്ദ്രൻ പാമ്പാടി

**മലയാള സാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. അദ്ദേഹം വിടചൊല്ലിയ 1994-ൽ വായിച്ചവരെക്കാൾ കൂടുതൽ പേർ 2026-ൽ അദ്ദേഹത്തെ വായിച്ചുകൊണ്ടിരിക്കുന്നു. ആ നിലയിൽ അദ്ദേഹത്തിന് തുല്യനായി മറ്റൊരു എഴുത്തുകാരനുമില്ല. അനുഭവിച്ചറിഞ്ഞ ജീവിതം മാത്രം എഴുതിയ കഥാകാരൻ. അദ്ദേഹത്തിന്റെ 32-ാം ചരമവാർഷികത്തിൽ പ്രിയ പുത്രൻ  അനീസ് ബഷീർ പിതാവിനെ ഓർക്കുന്നു.**



Download Copy

1994 ജൂലൈ അഞ്ചിനാണ് വൈക്കം മുഹമ്മദ് ബഷീർ എന്ന എന്റെ ചാച്ച ഈ ലോകത്തോട് വിടചൊല്ലിയത്. ഓരോ വർഷം കഴിയുന്തോറും ഓർമ്മകൾ കൂടികൂടി വരുന്നു. 1994-ൽ അദ്ദേഹത്തെ വായിച്ചവരേക്കാൾ കൂടുതൽ 2024-ൽ വായിച്ചുകൊണ്ടിരിക്കുന്നു. ഒരു മാങ്കോസ്റ്റിൻ മരത്തണലിലിരുന്ന് വരുന്നവരെയെല്ലാം ആനയിച്ചിരുത്തി അവർക്ക് വേണ്ടതെല്ലാം നൽകിയ ഒരാൾ.

ആകുലരായി വന്നവർ സന്തോഷവാന്മാരായി മടങ്ങി. എം.ടിയുടെ ഭാഷയിൽ പറഞ്ഞാൽ ഇവിടെ ഒരാൾ ജീവിച്ചിരുന്നു. മനോഹരങ്ങളായ സത്യങ്ങളെ നുണകൾ ചേർത്ത് മധുരോദാരമായ നുണക്കഥകളാക്കി നമുക്ക് മുൻപിൽ - നമുക്ക് ഇഷ്ടപ്പെട്ട രീതിയിൽ അവതരിപ്പിച്ച ഒരാൾ. അദ്ദേഹത്തിന്റെ ജീവിതവും മരണവും കഥകളായിരുന്നു. അദ്ദേഹം കഥാവശേഷനായില്ല, മരിച്ചിട്ടും കഥ പറഞ്ഞുകൊണ്ടേയിരുന്നു. മാങ്കോസ്റ്റിൻ മരച്ചുവട്ടിലെ ഓർമ്മ പുതുക്കാൻ ഇപ്പോഴും ആയിരങ്ങൾ വന്നുകൊണ്ടേയിരിക്കുന്നു. അവർ ആ ഓർമ്മത്തണലിലിരുന്ന് ആ ആ മഹനീയ സാന്നിധ്യം അനുഭവിച്ചറിയുന്നു.

മാങ്കോസ്റ്റിൻ മരത്തണലിൽ ഭൂമിക്ക് കീഴിലുള്ള എല്ലാ വിഷയങ്ങളും ചർച്ച ചെയ്തിരുന്നു. കള്ളന്മാർ മുതൽ ലോകം അറിയുന്ന വലിയ കലാകാരന്മാർ വരെ അവിടെ എത്തിയിരുന്നു. എല്ലാവർക്കും ഒരേ സ്വീകരണം, ഒരേ സീറ്റ്, ഒരേ ഗ്ലാസിൽ കട്ടൻ ചായ. അങ്ങനെയൊരിടമാണ് ആ മരച്ചുവട്. ആ അത്ഭുതം ഞാൻ നോക്കിയിരുന്നു.

ഒരാൾ ഇരുന്ന് കഥ പറയുന്നു, ജീവിത സത്യങ്ങൾ, നഗ്ന സത്യങ്ങൾ. അവകഥയായി മാറുന്ന കാഴ്ച കാണാൻ, കഥകൾ ആസ്വദിക്കാൻ ആയിരങ്ങൾ എത്തിച്ചേരുന്നു. പുതിയ തലമുറ ഇതൊന്നും വിശ്വസിക്കില്ല. ഇന്നത് മിത്താണ്. അവയും നുണക്കഥകളായി മാറിക്കൊണ്ടിരിക്കുന്നു.

അദ്ദേഹം കഥാകാരൻ എന്നതിലുപരി മനുഷ്യനായിരുന്നു. 'ആ മനുഷ്യൻ' എന്ന പേരിൽ ഒരു കഥതന്നെ അദ്ദേഹം എഴുതിയിട്ടുണ്ട്. അദ്ദേഹം എത്രത്തോളം നല്ലൊരു മനുഷ്യനാണെന്ന് കണ്ടറിയാൻ ഒരു ഉദാഹരണം പറയട്ടെ. കോഴിക്കോട് വളരെ പ്രമാദമായ ഒരു കൊലപാതകം നടന്ന കാലം. സുലേഖ വധക്കേസ്. രവി എന്ന യുവാവിന് സുലേഖ



**വൈക്കം മുഹമ്മദ് ബഷീറിന്റെ മകൻ അനീസ് ബഷീർ**

യോട് കടുത്ത പ്രണയമായിരുന്നു. അവൻ അവളെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചു. എന്നാൽ അവളുടെ വീട്ടുകാർ വഴങ്ങിയില്ല. അവർ മറ്റൊരാൾക്ക് സുലേഖയെ കെട്ടിച്ചുകൊടുത്തു. ഇതറിഞ്ഞ രവി കോഴിക്കോട്ട് പന്നിയങ്കരയിൽ നടുറോഡിലിട്ട് സുലേഖയെ വെട്ടിക്കൊന്നു. പ്രണയത്തെ എതിർത്ത യാഥാസ്ഥിതിക കുടുംബം ഞെട്ടി. പിന്നീട് രവി വർഷങ്ങളോളം സെൻട്രൽ ജയിലിൽ കിടന്നു. ജയിൽ മോചിതനായപ്പോൾ ആരും അയാളെ സ്വീകരിക്കാനുണ്ടായില്ല, ബന്ധുക്കളും സമൂഹവുമൊക്കെ തഴഞ്ഞു. എനിക്കയാളെ നല്ല ഓർമ്മയുണ്ട്. എനിക്കന്ന് പതിനഞ്ചോ പതിനാറോ വയസ്സ് കാണും.

രവി ഒരു ദിവസം ഞങ്ങളുടെ ബേപ്പൂരുള്ള വയലാലിൽ വീട്ടിൽ കയറിവന്നു. വന്നപാടേ വാതിൽക്കൽ ഒറ്റ നില്പാണ്. മുഷിഞ്ഞ വേഷം. വീട്ടിനുള്ളിൽ അന്ന് പലരുമുണ്ട്. പല കാര്യങ്ങളും മുൻനിർത്തി വന്നവർ. അവരാരും രവിയെ ശ്രദ്ധിച്ചില്ല. പക്ഷെ ബഷീർ അയാളുടെ മുമ്പിലെത്തി. ആര് വീട്ടിൽ വന്നാലും ചോദിക്കാറുള്ള സ്ഥിരം ചോദ്യം അദ്ദേഹം ചോദിച്ചു, 'എവിടെ നിന്ന് വരുന്നു?'

'ജയിലിൽ നിന്ന് വരുന്നു.'

ഞാൻ ഞെട്ടി. പക്ഷെ അദ്ദേഹത്തിന് ഒരു ഭാവഭേദവുമില്ല. സാധാരണഗതിയിൽ ഒരു ജയിലിൽ പുള്ളി കയറിവന്നാൽ ഏതൊരു വീട്ടുകാരും ആട്ടിയകറ്റാനേ നോക്കൂ. ബഷീർ പറഞ്ഞു; 'ജയിലിൽ കിടന്നതൊന്നും പ്രശ്നമല്ല, ഞാനും ജയിലിൽ കിടന്നിട്ടുണ്ട്.'

'എന്തായിരുന്നു കേസ്?'

'കൊലപാതകം.'

ഞാൻ ഞെട്ടി. ബഷീറിൽ അപ്പോഴും ഒരു ഭാവവ്യത്യാസവുമില്ല. അദ്ദേഹം ചോദിച്ചു, 'ചായ കുടിച്ചോ'?

'ഇല്ല, ഞാൻ വരുന്ന വഴിയാ.'

ബഷീർ അവന് ഒരു ഗ്ലാസിൽ ചായ ഒഴിച്ചു കൊടുത്തു. അവൻ നിന്നുകൊണ്ട് തന്നെ ചായ കുടിച്ചു. അവൻ കുടിച്ച ഗ്ലാസ്സ് അവൻ തന്നെ കഴുകി വയ്ക്കുകയും ചെയ്തു.

ഞാൻ അദ്ദേഹത്തെ മാറിനിന്ന് വിമർശിക്കുമായിരുന്നു. ഇതിനെക്കാൾ എത്രയോ മെച്ചമാണ് എസ്.കെ.പൊറ്റക്കാടിന്റെയും എം.ടി വാസുദേവൻ നായരുടെയും കഥകൾ എന്ന് ഞാൻ പറയും. അപ്പോഴൊക്കെ ഒരു കൂസലുമില്ലാതെ അദ്ദേഹം ഇരിക്കും. എം.ടി വീട്ടിൽ വരുമ്പോൾ അദ്ദേഹം പറയും - 'എടാ വാസു, എന്റെ മോൻ വായിച്ചു തുടങ്ങി.'

ബഷീറിന്റെ ഓരോ കൃതികളിലും കാണുന്നത് സത്യം മാത്രമാണെന്ന് എം.ടി പറയുന്നു. ആ പേജ് കീറിയാൽ ചോര പൊടിയുമത്രെ.

മനുഷ്യൻ എന്ന കഥയിൽ പോക്കറ്റടിച്ച വ്യക്തിയോട് കഥാപാത്രം ചോദിക്കുന്നു - 'എന്താണ് പേര്?'

'എനിക്ക് പേരില്ല.'

'എന്നാൽ നിങ്ങളുടെ പേര് ദയ എന്നായിരിക്കും.'

ബഷീർ അയാൾക്ക് ഒരു രൂപ കൊടുത്തിട്ട് ആശംസിക്കുന്നു; 'ആ കലയിൽ നിങ്ങൾക്ക് നല്ലത് വരട്ടെ.'

ഒരു മോഷ്ടാവിനാണ് അദ്ദേഹം സുഖജീവിതം ആശംസിച്ചത്. അതാണ് ബഷീർ.

വലിയ പ്രവാചകർക്കെല്ലാം വലിയ അംഗീകാരം ലഭിക്കുന്നത് മരിച്ചതിന് ശേഷമാണ്. ബഷീറിന്റെ കൃതികൾ കൂടുതൽ പേർ വായിച്ചതും അദ്ദേഹത്തിന്റെ മരണത്തിന് ശേഷമാണ്.

പുലർച്ചെ തുടങ്ങി അവസാനത്തെ ബസ്സ് വരുന്നതുവരെ വീട്ടിൽ അതിഥികളുണ്ടാകും. പോകാൻ പറ്റാത്തവർക്ക് അത്താഴവും കിടക്കാനുള്ള സൗകര്യവും ഒരുക്കിക്കൊടുക്കും. അതുകൊണ്ടൊക്കെയാകണം മരിച്ച് 30 വർഷം കഴിഞ്ഞിട്ടും വൈക്കം മുഹമ്മദ് ബഷീറിനെ വായിക്കുന്നവരുടെ എണ്ണം പതിന്മടങ്ങ് വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.



# സി.എച്ച്. എന്ന സൂര്യനും കുഞ്ഞു നക്ഷത്രവും

ഷാജഹാൻ നിലമ്പൂർ

**"കെ.എസ്.ആർ.ടി.സി ബസ്സിൽ യാത്രചെയ്യുന്ന ബാപ്പയെ എനിക്കോർമ്മയുണ്ട്. മകന് നല്ലൊരു ഉടുപ്പില്ലാത്തതിന്റെ വിഷമത്തിൽ കൺപീലികൾ നനഞ്ഞ ഉമ്മയുടെ മുഖവും എന്റെ ഓർമ്മയിലുണ്ട്."**



Download Copy

ബാപ്പ ആദ്യമായി എനിക്ക് കത്തെഴുതിയിരിക്കുന്നു. എനിക്ക് വിശ്വസിക്കാനായില്ല. പലതവണ ഞാനാ കത്ത് വായിച്ചു നോക്കി. ആ കത്തിലെ വാചകങ്ങൾ ഇന്നും ഞാനോർക്കുന്നു.

'ഖുർആൻ വായിക്കണം. യൂസഫലിയുടെ പരിഭാഷയാണ് നല്ലത്. പെത്തഡിൻ പോലുള്ള ചീത്തകാര്യങ്ങളിൽ നീ തത്പരനാവില്ല എന്നതിൽ സന്തോഷമുണ്ട്. നിന്റെ തുടർപഠനത്തിൽ കഴിയുന്നതെല്ലാം ചെയ്യും.'

ഞാൻ അന്ന് ബാംഗ്ലൂരിലെ അംബേദ്കർ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുകയായിരുന്നു. പലരാത്രികളിലും ഞാൻ ആലോചിച്ചിട്ടുണ്ട് എന്തിനായിരിക്കും ബാപ്പ ആ കത്തെഴുതിയതെന്ന്.

കത്തെഴുതിയ ആൾക്ക് ദൈവം നാല് മാസം കൂടിയേ ആയുസ്സ് നൽകിയുള്ളൂ. മനസ്സുനിറയെ ബാപ്പയുടെ ഓർമ്മകൾ ഉള്ളതുകൊണ്ടാണ് പ്രലോഭനങ്ങളിൽ വീഴാതെ ജീവിതം മുന്നോട്ടു നീങ്ങിയത്. മക്കൾക്കൊപ്പം ഒരുപാട് സമയം ചെലവിടുന്നതിലല്ല, ഉള്ള സമയം അവർക്കൊപ്പം സന്തോഷകരമായി ചെലവിടുന്നതിലാണ് ബാപ്പ ആനന്ദം കണ്ടെത്തിയത്. മൂന്ന് മക്കളെയും ചുറ്റിനുമിരുത്തി ബാപ്പ തമാശകൾ പറയുമായിരുന്ന രംഗം ഓർമ്മയിൽ തെളിയുന്നു. അതൊരു മത്സരം പോലെയായിരുന്നു. നമ്മുടെ ജീവിതത്തിൽ എന്നും രസകരമായ തമാശക്കഥകളുണ്ടാകണം. ഞങ്ങളുടെ തമാശകൾ കേട്ട് ബാപ്പ പല്ലുകാട്ടി മനോഹരമായി ചിരിക്കും. അത് കാണാൻ ഞങ്ങൾ മൂന്ന് പേർക്കും വലിയ ഇഷ്ടമായിരുന്നു. ഒരു പൊട്ടിച്ചിരിക്കൊപ്പം മറ്റൊരു സമ്മാനം കൂടിയുണ്ട്; കുഞ്ഞു കൈകൾ നിറയെ കോമിക്സ് പുസ്തകങ്ങൾ.

വീട്ടിലുണ്ടെങ്കിൽ വൈകുന്നേരങ്ങളിൽ ബാപ്പ ഞങ്ങളെ മൂന്നു പേരെയും കൊണ്ട് ക്ളിഫ് ഹൗസിലൂടെ നടക്കാനിറങ്ങുമായിരുന്നു. ക്ളിഫ് ഹൗസ് അന്ന് കാടുപിടിച്ച് കിടക്കുകയായിരുന്നു. ഞങ്ങൾക്കൊപ്പം ബാപ്പ മഞ്ചാടി പെറുക്കും. രാഷ്ട്രീയം ഉൾപ്പെടെ ലോകത്തെ ഏതൊരു വിഷയത്തെപ്പറ്റിയും സംസാരിക്കും. ചിലയാത്രകളിൽ ഞങ്ങളെയും ഒപ്പം കൂട്ടും. കുട്ടിക്കാലത്ത് ഏതൊക്കെയോ ഗസ്റ്റ് ഹൗസുകളിൽ കിടന്നുറങ്ങിയിട്ടുണ്ട് ഞാൻ. ഗസ്റ്റ് ഹൗസുകളിൽ വച്ചാണ് ഞാൻ ആദ്യമായി ബ്രെഡും ബട്ടറും കഴിച്ചത്. വലുതായപ്പോൾ നിയമസഭാ ഗാലറിയിൽ വരെ ബാപ്പ ഞങ്ങളെ കൊണ്ടുപോയിട്ടുണ്ട്.



മുൻ മുഖ്യമന്ത്രി സി. എച്ചിന്റെ മകൻ ഡോ. എം. കെ മുനീർ

രാഷ്ട്രീയം ഒരു വലിയ ലോകമാണ്. ഒപ്പമുണ്ടാകുമെന്ന് വിശ്വസിക്കുന്നവരിൽ പലരും നമുക്ക് മുന്നിലൂടെ ശത്രുപാളയത്തിൽ പോയെന്നു വരാം. ഒരിക്കലും ആ കൂറുമാറ്റത്തിൽ ഞാൻ തളർന്നിട്ടില്ല. ബാപ്പ എന്റെ കണ്മുന്നിലിരുന്ന് പറഞ്ഞ ഒരു വാചകമാണ് അപ്പോഴെല്ലാം ഞാനോർക്കുക. ലീഗ് പിളർന്നപ്പോഴായിരുന്നു അത്. ഒട്ടും പ്രതീക്ഷിക്കാത്ത ചിലരൊക്കെ എതിർ ചേരിയിൽ പോയപ്പോൾ ബാപ്പ പറഞ്ഞു; 'അവരെന്താ അങ്ങോട്ട് പോയത്? അവർക്ക് ഞാൻ സഹായമൊന്നും ചെയ്തു കൊടുത്തിട്ടില്ലല്ലോ.' അങ്ങനെ ചിന്തിച്ചിരുന്ന ഒരു ബാപ്പയുടെ മകന്, സഹായം ചെയ്തവർ അപ്പുറത്തെ ചേരിയിൽ നിന്ന് ആക്രമിക്കുമ്പോൾ എന്ത് ഭാവവ്യത്യാസം ഉണ്ടാകാനാണ്?

മകൻ ഡോക്ടറാകണമെന്നായിരുന്നു ബാപ്പയുടെ ആഗ്രഹം. പക്ഷേ അത് കാണാൻ ബാപ്പയുണ്ടായില്ല. പിന്നീട് രാഷ്ട്രീയത്തിലേക്ക് വരാൻ തീരുമാനിച്ചപ്പോൾ ഏറ്റവും ഭയപ്പെട്ടിരുന്നത് ആ വിശേഷണത്തെയായിരുന്നു – സി.എച്ചിന്റെ മകൻ. സി.എച്ച്. സൂര്യനാണ്. ഒരു കുഞ്ഞു നക്ഷത്രമെങ്കിലുമാകാൻ എനിക്ക് കഴിഞ്ഞില്ലെങ്കിൽ ക്ഷീണം സൂര്യനാണ്.

ബാപ്പയുടേത് ലളിത ജീവിതമായിരുന്നു. കെ.എസ്.ആർ.ടി.സി ബസ്സിൽ യാത്ര ചെയ്യുന്ന ബാപ്പയെ എനിക്ക് ഓർമ്മയുണ്ട്. മകന് നല്ലൊരു ഉടുപ്പില്ലാത്തതുകൊണ്ട് അപമാനിതയായി കരയുന്ന ഉമ്മയുടെ മുഖവും എന്റെ ഓർമ്മയിലുണ്ട്. അന്നാണ് ഉമ്മ കരയുന്നത് ആദ്യമായി ഞാൻ കണ്ടത്. ഒരു ബന്ധുവിന്റെ നിക്കാഹിന് പോകാൻ എനിക്ക് നല്ല ഉടുപ്പില്ലായിരുന്നു. ഉമ്മ അടുത്ത വീട്ടുകാരോട് എനിക്ക് വേണ്ടി ഒരുടുപ്പ് കടം ചോദിച്ചു. അവർ തന്നത് പക്ഷേ പഴയ ഒരുടുപ്പായിരുന്നു. ആ ഉടുപ്പും പിടിച്ച് കരയുന്ന ഉമ്മയുടെ മുഖം മനസ്സിലുള്ളതുകൊണ്ടാകാം നന്നായി വസ്ത്രം ധരിക്കാൻ ഞാൻ ഇപ്പോൾ ശ്രദ്ധിക്കുന്നത്. നല്ല വസ്ത്രങ്ങൾ അണിയണമെന്ന് ഒരു നിർബന്ധവുമില്ലാതിരുന്ന ബാപ്പയുടെ പാത പിന്തുടരാതിരുന്നത്.

ലീഗിനെക്കുറിച്ച് ബാപ്പയുടെ ഒരു ഫലിതമുണ്ട്. 'ലീഗിൽ ചേരാൻ നല്ല ദഹനശക്തിയും നല്ല സഹനശക്തിയും വേണം.' സത്കാര പ്രിയരായ അണികളുടെ വീടുകളിൽ നിന്ന് ഭക്ഷണം കഴിക്കാതെ മടങ്ങിയാൽ അവർ പിണങ്ങും. അവരെ സന്തോഷിപ്പിക്കാൻ പന്ത്രണ്ടു നേരം വരെ ഭക്ഷണം കഴിക്കാൻ തയ്യാറായിരിക്കണം നേതാവ്. ആരോഗ്യം മറന്ന് ഭക്ഷണം കഴിക്കുക എന്നത് ബാപ്പയിൽ നിന്നും കിട്ടിയ ഒരേയൊരു ദുശ്ശീലമാണ്.




ഡോ. രാജീവ് തെക്കേടത്ത്

# മികച്ച തൊഴിൽ സംസ്കാരത്തിലേക്കൊരു ചുവടുവെപ്പ്

കേരളത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന്റെ നട്ടെല്ലാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്. ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് രാപ്പകൽ ഭേദമില്ലാതെ വൈദ്യുതി എത്തിക്കുന്നതിൽ ജീവനക്കാർ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. എന്നാൽ ഇന്ന് കേരളത്തിന്റെ ഊർജ്ജ മേഖല ദിനംപ്രതി സങ്കീർണ്ണമായ വെല്ലുവിളികളിലൂടെയാണ് കടന്നുപോകുന്നത്. ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വൻ വർദ്ധനവ്, അപ്രതീക്ഷിതമായ സാങ്കേതിക തകരാറുകൾ, പരാതികൾ പരിഹരിക്കുന്നതിനുള്ള കർശനമായ സമയപരിധി എന്നിവയെല്ലാം ജീവനക്കാരിൽ വലിയ തോതിലുള്ള ശാരീരിക-മാനസിക സമ്മർദ്ദങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പരമ്പരാഗതമായ പ്രവർത്തന രീതികളിൽ മാത്രം ഒതുങ്ങിനിന്നുകൊണ്ട് ഈ പ്രതിസന്ധികളെ മറികടക്കുക അസാധ്യമാണ്. ആഗോളതലത്തിൽ വ്യവസായ മേഖലകളെ അടിമുടി മാറ്റുന്ന നാലാം വ്യവസായ വിപ്ലവത്തിന്റെ സാങ്കേതികവിദ്യകളും നിർമ്മിത ബുദ്ധിയും പ്രയോജനപ്പെടുത്തി



Download Copy



**ആഗോളതലത്തിൽ വ്യവസായ മേഖലകളെ അടിമുടി മാറ്റുന്ന നാലാം വ്യവസായ വിപ്ലവത്തിന്റെ സാങ്കേതികവിദ്യകളും നിർമ്മിത ബുദ്ധിയും പ്രയോജനപ്പെടുത്തി ഈ വെല്ലുവിളികളെ എങ്ങനെ നേരിടാം, അതുവഴി എങ്ങനെ ഒരു പുതിയ തൊഴിൽ സംസ്കാരം കെ.എസ്.ഇ.ബിയിൽ കെട്ടിപ്പടുക്കാം എന്നതാണ് നാം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം.**

ഈ വെല്ലുവിളികളെ എങ്ങനെ നേരിടാം, അതുവഴി എങ്ങനെ ഒരു പുതിയ തൊഴിൽ സംസ്കാരം കെ.എസ്.ഇ.ബിയിൽ കെട്ടിപ്പടുക്കാം എന്നതാണ് നാം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം.

കെ.എസ്.ഇ.ബിയിലെ വിവിധ വിഭാഗങ്ങളിലായി പ്രവർത്തിക്കുന്ന ജീവനക്കാർക്ക് മേൽ ദിനംപ്രതി സമ്മർദ്ദം വർദ്ധിപ്പിക്കുന്ന പ്രധാന ഘടകം വർദ്ധിച്ചുവരുന്ന ഉപഭോക്തൃ സാന്ദ്രതയാണ്. നിലവിൽ കേരളത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം 1.40 കോടിക്ക് മുകളിലാണ്. എന്നാൽ ബോർഡിൽ ജീവനക്കാരുടെ എണ്ണം ഏകദേശം 27,000 മാത്രമാണ് ഉള്ളത്. അതായത്, ഒരു ജീവനക്കാരൻ ശരാശരി 500-ലധികം ഉപഭോക്താക്കൾക്ക് സേവനം നൽകേണ്ട അവസ്ഥയാണുള്ളത്. ഈ ഉയർന്ന ഉപഭോക്തൃ-ജീവനക്കാരുടെ അനുപാതം ജോലിഭാരം അനിയന്ത്രിതമാക്കുന്നു. ഇതിനുപുറമെയാണ് സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ കർശനമായ നിബന്ധനകൾ. സാധാരണ വൈദ്യുതി തടസ്സങ്ങൾ ചുരുങ്ങിയ മണിക്കൂറുകൾക്കുള്ളിലും ട്രാൻസ്ഫോർമർ തകരാറുകൾ പരമാവധി 24 മുതൽ 48 മണിക്കൂറുകൾക്കുള്ളിലും പരിഹരിക്കേണ്ടതുണ്ട്. അതിതീവ്ര മഴക്കാലത്തും പ്രതികൂല കാലാവസ്ഥയിലും ഫീൽഡ് തലത്തിൽ ഉണ്ടാകുന്ന വൻ നാശനഷ്ടങ്ങൾ ഈ സമയപരിധിക്കുള്ളിൽ പരിഹരിക്കുക എന്നത് ജീവനക്കാരെ എപ്പോഴും വലിയൊരു സമ്മർദ്ദത്തിൽ നിർത്തുന്നു. അമിതസമ്മർദ്ദം ജീവനക്കാരുടെ ഉത്പാദനക്ഷമതയെ 30 ശതമാനത്തോളം പ്രതികൂലമായി ബാധിക്കുമെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്.

ഈ പ്രതിസന്ധിയുടെ വ്യാപ്തി മനസ്സിലാക്കാൻ മറ്റ് പ്രധാന ഇന്ത്യൻ സംസ്ഥാനങ്ങളിലെ വൈദ്യുതി വിതരണ കമ്പനികളുടെ (DISCOMS) കണക്കുകൾ പരിശോധിക്കുന്നത് സഹായകമാകും. മഹാരാഷ്ട്രയിൽ (MSEDCL) 3.16 കോടി ഉപഭോക്താക്കൾക്കായി ഏകദേശം 55,000 മുതൽ 60,000 വരെ ജീവനക്കാരാണുള്ളത്. അതായത് ഒരു ജീവനക്കാരന് ശരാശരി 520 മുതൽ 570 വരെ ഉപഭോക്താക്കൾ. കേരളത്തെ അപേക്ഷിച്ച് ഒരു ജീവനക്കാരൻ കൂടുതൽ ഉപഭോക്താക്കളെ കൈകാര്യം ചെയ്യുന്നത് മഹാരാഷ്ട്രയിലാണെങ്കിലും, ഓട്ടോമേഷനും (SCADA സിസ്റ്റം ഉൾപ്പെടെ) സ്മാർട്ട് ഗ്രിഡ് സംവിധാനങ്ങളും ശക്തമായതിനാൽ ഫീൽഡ് ജീവനക്കാരുടെ അമിത ജോലിഭാരം വലിയൊരു പരിധിവരെ കുറയ്ക്കാൻ അവർക്ക് സാധിക്കുന്നുണ്ട്. അതേസമയം, തമിഴ്നാട്ടിൽ (TANGEDCO) 3.1 കോടി ഉപഭോക്താക്കൾക്ക് ഏകദേശം 84,000 ജീവനക്കാരുണ്ട്. കേരളവുമായി താരതമ്യം ചെയ്യുമ്പോൾ തമിഴ്നാട്ടിൽ ഉപഭോക്താക്കൾക്ക് ആനുപ






ാതികമായി കൂടുതൽ ജീവനക്കാരുണ്ട് (ഒരു ജീവനക്കാരന് 360-370 ഉപഭോക്താക്കൾ). എന്നാൽ ജീവനക്കാരുടെ എണ്ണം അനിയന്ത്രിതമായി കൂടുതലായതിനാൽ ഇന്ത്യയിൽ തന്നെ ഏറ്റവും ഉയർന്ന ശമ്പളച്ചെലവുള്ള ബോർഡുകളിലൊന്നായി അവർ മാറുകയും, വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയും ചെയ്യുന്നു. കർണാടകയിലെ ബെംഗളൂരു മേഖലയിൽ (BESCOM) കേരളത്തിലെ ആകെ ഉപഭോക്താക്കൾക്ക് തുല്യമായി ഏകദേശം 1.3 കോടി ഉപഭോക്താക്കളുണ്ടെങ്കിലും ജീവനക്കാരുടെ എണ്ണം വെറും 15,000 മുതൽ 17,000 വരെ മാത്രമാണ്. ഒരു ജീവനക്കാരന് ശരാശരി 750 മുതൽ 800 വരെ ഉപഭോക്താക്കൾ എന്ന വലിയ അനുപാതം അവർ കൈകാര്യം ചെയ്യുന്നത് ഉപഭോക്തൃ സേവനത്തിനായി അക ചാറ്റ്ബോട്ടുകൾ, സ്മാർട്ട് മീറ്ററുകൾ, കേന്ദ്രീകൃത കസ്റ്റമർ കെയർ സംവിധാനങ്ങൾ, മൊബൈൽ ആപ്പുകൾ എന്നിവ വ്യാപകമായി ഉപയോഗിക്കുന്നതിലൂടെയാണ്.

മറ്റ് സംസ്ഥാനങ്ങളിലെ ഈ കണക്കുകൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്ന പ്രധാന കാര്യം, ഉപഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക എന്നത് മാത്രമല്ല ഇതിനൊരു ശാശ്വത പരിഹാരം എന്നാണ്. തമിഴ്നാടിന്റെ കാര്യത്തിൽ കണ്ടതുപോലെ അത് സ്ഥാപനത്തെ വൻ സാമ്പത്തിക ബാധ്യതയിലേക്ക് തള്ളിവിടും. ഉപഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി പുതിയ ജീവനക്കാരെ നിയമിക്കാൻ സാമ്പത്തിക പരിമിതികൾ അനുവദിക്കാത്ത സാഹചര്യത്തിൽ, നിലവിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും അവരുടെ ജോലിഭാരം കുറയ്ക്കാനുമുള്ള ഏക പോംവഴി നിർമ്മിത ബുദ്ധിയും (AI) ഡിജിറ്റൽ വൽക്കരണവും മാത്രമാണ് എന്ന് മഹാരാഷ്ട്രയുടെയും കർണാടകയുടെയും കണക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു. കെ.എസ്.ഇ.ബിയിലെ നിലവിലെ 27,000 ജീവനക്കാരെക്കൊണ്ട് തന്നെ ഈ 1.40 കോടി ഉപഭോക്താക്കളെ യാതൊരു സമ്മർദ്ദവുമില്ലാതെ കൈകാര്യം ചെയ്യണമെങ്കിൽ നാലാം വ്യവസായ വിപ്ലവത്തിന്റെ സാങ്കേതിക വിദ്യകൾ നടപ്പിലാക്കിയേ തീരൂ. മീറ്റർ റീഡിംഗിനായി ജീവനക്കാർ വീടുകൾ കയറിയിറങ്ങുന്ന പരമ്പരാഗത രീതി പൂർണ്ണമായും ഒഴിവാക്കി, ആ സമയം മെയിന്റനൻസ് പോലുള്ള സുപ്രധാന ജോലികൾക്കായി വിനിയോഗിക്കാൻ സ്മാർട്ട് മീറ്ററിങ്ങും ബില്ലിംഗും സഹായിക്കും. ഫോൺ അറ്റൻഡ് ചെയ്യുന്നതിനും പരാതികൾ രേഖപ്പെടുത്തുന്നതിനുമുള്ള ഓഫീസ് ജീവനക്കാരുടെ സമയം ലാഭിക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിതമായ കസ്റ്റമർ സപ്പോർട്ട് സംവിധാനങ്ങൾ ഉപയോഗിക്കാവുന്നതാണ്. കൂടാതെ, എവിടെയാണ് തകരാർ ഉണ്ടാകാൻ സാധ്യതയെന്നും എവിടെയാണ് കൂടുതൽ ജീവനക്കാരുടെ സേവനം ആവശ്യമെന്നും മുൻകൂട്ടി മനസ്സിലാക്കി ഡാറ്റാധിഷ്ഠിത ആസൂത്രണത്തിലൂടെ ജീവനക്കാരെ ഫലപ്രദമായി വിന്യസിക്കാനും സാധിക്കും.

സാങ്കേതികവിദ്യ കടന്നുവരുമ്പോൾ സ്വാഭാവികമായും ഉയർന്നുവരുന്ന ആശങ്കയാണ് തൊഴിൽ നഷ്ടപ്പെടുമോ എന്നത്. എന്നാൽ വൈദ്യുതി മേഖലയിൽ നിർമ്മിത ബുദ്ധി ജീവനക്കാർക്ക് ഭീഷണിയല്ല, മറിച്ച് ജോലി എളുപ്പമാക്കുന്ന മികച്ചൊരു സഹപ്രവർത്തകനായാണ് പ്രവർത്തിക്കുന്നത്. ആഗോളതലത്തിലുള്ള ഊർജ്ജ സ്ഥാപനങ്ങളുടെ കണക്കുകൾ പ്രകാരം അക ഉപയോഗിക്കുന്നതിലൂടെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് 10-20% വരെ കുറയ്ക്കാനും, മുൻകൂട്ടി അറിയാതെയുള്ള വൈദ്യുതി തടസ്സങ്ങൾ 50% വരെ ഇല്ലാതാക്കാനും സാധിക്കും. ഉപകരണങ്ങൾക്ക് തകരാർ സംഭവിക്കുന്നതിന് മുൻപ തന്നെ അത് പ്രവചിക്കാൻ അക സെൻസറുകൾക്ക് കഴിയും. ഈ പ്രെഡിക്റ്റീവ് മെയിന്റനൻസ് സംവിധാനം വഴി ഫീൽഡ് ജീവനക്കാരുടെ അടിയന്തര നെട്ടോട്ടം ഒഴിവാക്കാനും, രാത്രിയിലുള്ള അറ്റകുറ്റപ്പണികൾ കുറച്ച് പകൽ






Download Copy




സമയങ്ങളിൽ തന്നെ മുൻകൂട്ടി ആസൂത്രണം ചെയ്ത് ജോലികൾ പൂർത്തിയാക്കാനും സാധിക്കുന്നു. കൂടാതെ മുൻകാലങ്ങളിലെ കാലാവസ്ഥാ ഡാറ്റ വിശകലനം ചെയ്ത് കാറ്റിലും മഴയിലും കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകൾ മുൻകൂട്ടി കണ്ടെത്താനും, അതിനനുസരിച്ച് ജോലിക്കാരെ ശാസ്ത്രീയമായി വിന്യസിക്കാനും സാങ്കേതികവിദ്യ സഹായിക്കും.

ഫീൽഡ് തലത്തിൽ മാത്രമല്ല, ഭരണതലത്തിലും വിതരണ ശൃംഖലയിലുമാണ് AI പൂർണ്ണാർത്ഥത്തിൽ ഫലപ്രദമാകുന്നത്. ഉപഭോക്താക്കളുടെ പകുതിയിലധികം സാധാരണ പരാതികളും സംശയങ്ങളും അക ചാറ്റ്ബോട്ടുകൾക്ക് കൈകാര്യം ചെയ്യാൻ കഴിയും. ഇത് ഫ്രണ്ട് ഓഫീസുകളിലെയും സെക്ഷൻ ഓഫീസുകളിലെയും ജീവനക്കാരുടെ ഫോൺ കോളുകൾ അറ്റൻഡ് ചെയ്യുന്ന ഭാരം ഇല്ലാതാക്കുകയും ജനങ്ങളുമായുള്ള സംഘർഷങ്ങൾ കുറയ്ക്കുകയും ചെയ്യുന്നു. അതുപോലെ, ട്രാൻസ്ഫോർമർ സ്പെയറുകൾ, കണ്ടക്ടറുകൾ തുടങ്ങിയവ എവിടെയൊക്കെ ആവശ്യമായി വരുമെന്ന് മുൻകൂട്ടി പ്രവചിക്കുന്നതിലൂടെ ആവശ്യമായ സാമഗ്രികൾ കൃത്യസമയത്ത് സ്റ്റോറുകളിൽ ലഭ്യമാക്കാം. ഇത് ഫയലുകൾക്ക് പിന്നാലെ പോകുന്ന ഉദ്യോഗസ്ഥരുടെ സമയവും അധ്വാനവും ലാഭിക്കും. ഭരണനിർവ്വഹണത്തിൽ വലിയ പരിചയസമ്പത്തുള്ള സീനിയർ ഉദ്യോഗസ്ഥർ വിരമിക്കുമ്പോൾ, അവരുടെ അറിവുകളും പ്രതിസന്ധിഘട്ടങ്ങളിലെ പ്രശ്നപരിഹാര രീതികളും ഒരു ഡിജിറ്റൽ നോളജ് ബേസിലേക്ക് മാറ്റാൻ കഴിയുമെന്നത് പുതിയ ജീവനക്കാർക്ക് നിയമപരവും ഭരണപരവുമായ കാര്യങ്ങളിൽ വലിയൊരു വഴികാട്ടിയാകും. ജീവനക്കാരുടെ കാര്യക്ഷമത സുതാര്യമായി വിലയിരുത്താനും അർഹരായവർക്ക് കൃത്യസമയത്ത് പ്രൊമോഷനുകളും സ്ഥലംമാറ്റങ്ങളും നൽകാനും AI അധിഷ്ഠിത HR സിസ്റ്റം സഹായിക്കുന്നത് തൊഴിൽ സംതൃപ്തി പതിന്മടങ്ങ് വർദ്ധിപ്പിക്കും.

ഈ സാങ്കേതികവിദ്യകൾ ഫലപ്രദമാകണമെങ്കിൽ മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് കൃത്യമായ ആസൂത്രണവും നിക്ഷേപവും അനിവാര്യമാണ്. പുതിയ സാങ്കേതികവിദ്യ ജീവനക്കാരിൽ അടിച്ചേൽപ്പിക്കാതെ, മലയാളം ഇന്റർഫേസുകൾ കൂടി ഉൾപ്പെടുത്തി ലളിതമായ സോഫ്റ്റ്വെയറുകൾ വഴി അത് കൈകാര്യം ചെയ്യാൻ അവരെ പ്രാപ്തരാക്കുന്ന സമഗ്രമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കണം. എല്ലാ ഓഫീസുകളിലും അടിസ്ഥാന സൗകര്യങ്ങളും തടസ്സമില്ലാത്ത ഇന്റർനെറ്റും ഉറപ്പാക്കുകയും, ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നീ വിഭാഗങ്ങളെ ഏകോപിപ്പിക്കുന്ന ഒരൊറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോം സൃഷ്ടിക്കുകയും വേണം. ഇതിനൊപ്പം നിർമ്മിത ബുദ്ധി നൽകുന്ന കൃത്യമായ ഡാറ്റയുടെ അടിസ്ഥാനത്തിൽ റെഗുലേറ്ററി കമ്മീഷനുമായി ചർച്ച ചെയ്ത് സമയപരിധികൾ നിശ്ചയിക്കുന്നതിൽ പ്രായോഗികമായ മാറ്റങ്ങൾ കൊണ്ടുവരാനും മാനേജ്മെന്റ് തയ്യാറാകണം. മറുഭാഗത്ത്, പുതിയ മാറ്റങ്ങളെ തുറന്ന മനസ്സോടെ ഉൾക്കൊള്ളാനും അത് പഠിച്ചെടുക്കാനും ജീവനക്കാരും സന്നദ്ധരാകേണ്ടതുണ്ട്. മാനേജ്മെന്റിന്റെ ദീർഘവീക്ഷണത്തോടെയുള്ള നയങ്ങളും, ഭരണ-സാങ്കേതിക തലങ്ങളിലെ മനുഷ്യന്റെ ദീർഘകാലത്തെ അനുഭവസമ്പത്തും, നിർമ്മിത ബുദ്ധിയുടെ മികവും കൈകോർക്കുമ്പോൾ കെ.എസ്.ഇ.ബിയിലെ ജോലിഭാരം കുറയുകയും മികച്ചൊരു തൊഴിൽ സംസ്കാരം അവിടെ രൂപപ്പെടുകയും ചെയ്യും. അങ്ങനെയുള്ള ഒരു പുതിയ മുന്നേറ്റത്തിനാണ് നാം ഇനി തുടക്കം കുറിക്കേണ്ടത്.

**പുതിയ സാങ്കേതികവിദ്യ ജീവനക്കാരിൽ അടിച്ചേൽപ്പിക്കാതെ, മലയാളം ഇന്റർഫേസുകൾ കൂടി ഉൾപ്പെടുത്തി ലളിതമായ സോഫ്റ്റ്വെയറുകൾ വഴി അത് കൈകാര്യം ചെയ്യാൻ അവരെ പ്രാപ്തരാക്കുന്ന സമഗ്രമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കണം. എല്ലാ ഓഫീസുകളിലും അടിസ്ഥാന സൗകര്യങ്ങളും തടസ്സമില്ലാത്ത ഇന്റർനെറ്റും ഉറപ്പാക്കുകയും, ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നീ വിഭാഗങ്ങളെ ഏകോപിപ്പിക്കുന്ന ഒരൊറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോം സൃഷ്ടിക്കുകയും വേണം.**





പ്രേം കുമാർ

# അഭിനയ കലയുടെ (ഭ്രമ) യുഗപുരുഷൻ

**ഭൂതക്കണ്ണാടിക്ക് പോലും കണ്ടെത്താനാകാത്ത സൂക്ഷ്മ ഭാവങ്ങൾ മുഖത്ത് വിരിയിക്കുന്ന നടന വൈഭവം. ഗാംഭീര്യവും മൃദുത്വവും ഒരുപോലെ ചാലിച്ച ശബ്ദ ചാരുത. കഥാപാത്രത്തിനനുസരിച്ച് മാറുന്ന ശരീര ഭാഷയുടെ കൃത്യത - ഇങ്ങനെ പോകുന്നു മമ്മൂട്ടിയുടെ സർഗ്ഗവിന്യാസത്തിന്റെ പ്രത്യേകതകൾ.**

ഭൂതകാലത്തിന്റെയും വർത്തമാനത്തിന്റെയും ഭാവിയുടെയും അഭിനയ പെരുമഴയായി അടയാളമായി തിളങ്ങിനിൽക്കുന്ന അഭിനയ പ്രതിഭയാണ് മമ്മൂട്ടി. മലയാളിക്ക് പ്രിയപ്പെട്ട മമ്മൂക്ക.

ഒപ്പമെത്താൻ വെമ്പുന്ന മിന്നൽത്താരങ്ങൾക്കിടയിൽ താരങ്ങളുടെ താരം. സൗന്ദര്യത്തിന്റെയും വ്യക്തിത്വത്തിന്റെയും നിത്യയൗവനത്തിന്റെയും നിറദീപം. മലയാളി സിനിമയുടെ നക്ഷത്ര ശോഭ, നടക്കുമ്പോൾ തെളിയുന്നതാണ് വഴി എന്ന ജീവിത തത്ത്വത്തിന്റെ ജീവിക്കുന്ന ദൃഷ്ടാന്തം മമ്മൂട്ടി. ഓരോ കഥാപാത്രത്തെയും ഓരോ പാഠമാക്കിയും ഓരോ പരീക്ഷണമാക്കിയും അനുഭവം അഭിനയത്തിന്റെ അനന്ത തലങ്ങളിലേക്ക് നടന്നുകയറുന്നു. പിന്നെയും പിന്നെയും തന്നെ വെല്ലുവിളിക്കുന്ന കഥാപാത്രങ്ങൾക്കായി അടങ്ങാത്ത അഭിനയമോഹത്തോടെ കാത്തിരിക്കുന്നു. വിജയത്തിന്റെ കൊടുമുടികൾ കീഴടക്കുമ്പോഴും കിട്ടുന്ന കഥാപാത്രങ്ങളെ പഠിക്കുന്നതിൽ ഒട്ടും അലസതയില്ല.

വടക്കൻ വീരഗാഥയും വിധേയനും പൊന്തൻമാടയും അംബേദ്കറും കടന്ന് ഭ്രമയുഗത്തിലേക്ക് കടക്കുമ്പോൾ കൈയിലെത്തിയത് നാലാമത്തെ ദേശീയ പുരസ്കാരം. ഒരു അഭിനയ യാത്രയിൽ ഒപ്പമെത്തിയത് അമിതാഭ് ബച്ചൻ മാത്രം. മഹാനായ ഒരു കലാകാരന്റെ അപൂർവ്വ നേട്ടത്തിനപ്പുറം മലയാള സിനിമയുടെ നടന പാരമ്പര്യത്തിന് ലഭിച്ച അംഗീകാരമാണിത്. നിരന്തരമായ ആത്മപരിഷ്കരണത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും കലാനിഷ്ഠയുടെയും വിജയമുദ്രയാണിത്.

പ്രതിഭാധനരായ എഴുത്തുകാരുടെയും സംവിധായകരുടെയും സർഗ്ഗസങ്കൽപ്പങ്ങൾക്ക് അപ്പുറം കഥാപാത്രത്തിന് പുതുജീവൻ പകർന്ന് ഉന്നതങ്ങളുടെ ഉയരം ചാർത്തുന്ന അത്ഭുത കലാകാരനാണ് മമ്മൂട്ടി.

കഥാപാത്രങ്ങളുടെ ആത്മാവിന്റെ അഗാധതലങ്ങളിലേക്ക് ഇറങ്ങിനിന്ന് നടന വിസ്മയം സൃഷ്ടിക്കുന്നു. ഏതൊരു കഥാപാത്രത്തിന്റെ അവതരണത്തിലും തന്റേതായ കൈയൊപ്പ് ചാർത്താൻ ആ മഹാനടന് കഴിഞ്ഞു.

വലിയവനായും ചെറിയവനായും വില്ലനായും നായകനായും വലിയേട്ടനായും താങ്ങുപറയായും സാധാരണക്കാരനായും രാജാവായും ചരിത്രപുരുഷനായും ആഭിജാത്യമുള്ള കാമുകനായും പിതാവായുമൊക്കെ അഭിനയം കെട്ടിയാടിയ വേദിയിൽ കളിത്തൊട്ടിലിൽ തൊട്ട് വർണ്ണപ്പകിട്ടായ ഉപദേശത്തിൽ തുടങ്ങി അനുദിനം മാറ്റിമറിച്ച പല കഥാപാത്രങ്ങളും പ്രേക്ഷക സ്മരണകളിൽ വലിയ വടവൃക്ഷമായി മാറി നിൽക്കുന്നു. മലയാള സിനിമയുടെ ഇതിഹാസ താരം തന്നെയാണ് മമ്മൂട്ടി.

ഭൂതക്കണ്ണാടിക്ക് പോലും കണ്ടെത്താനാകാത്ത സൂക്ഷ്മ ഭാവങ്ങൾ മുഖത്ത് വിരിയിക്കുന്ന നടന വൈഭവം, ഗാംഭീര്യവും മൃദുത്വവും



ഒരുപോലെ ചാലിച്ച ശബ്ദത്തിന്റെ ചാരുത, കഥാപാത്രത്തിനനുസരിച്ച് മാറുന്ന ശരീര ഭാഷയുടെ കൃത്യത  ഇങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ സർഗ്ഗവിന്യാസത്തിന്റെ പ്രത്യേകതകൾ. അദ്ദേഹത്തിന്റെ സമീപകാലത്തെ ഓരോ സിനിമയും ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ ഓരോ വിസ്മയം തന്നെയാണെന്ന് പറയാം.

കലാജീവിതത്തിൽ അഞ്ചു പതിറ്റാണ്ട് പിന്നിട്ടിട്ടും ഇന്നും പുതുമയുടെ പച്ചപ്പുള്ള കാലത്തോടൊപ്പം സഞ്ചരിക്കുന്നു. മഴപോലെ... മഞ്ഞുപോലെ... ഇടിമിന്നൽ പോലെ... മമ്മൂട്ടി എന്ന മഹാനടൻ പ്രേക്ഷകമനസ്സുകളിൽ പെയ്തിറങ്ങുന്നു. ദേശഭാഷകളുടെ അതിരുകൾ ലംഘിച്ച് നേടിയ ലോകമെമ്പാടുമുള്ള ആസ്വാദക ഹൃദയങ്ങളെ പരിപോഷിപ്പിക്കുന്നു.

ഓരോ പുരസ്കാരങ്ങളും ഈ മഹാനടനെ തേടിയെത്തി. ഒപ്പം രാഷ്ട്രം ആദരപൂർവ്വം നൽകുന്ന പത്മപുരസ്കാരങ്ങളും. അങ്ങനെ പ്രശസ്തിയുടെ ഉത്തുംഗ ശൃംഗത്തിൽ എത്തിയപ്പോഴും സമൂഹത്തിലെ നിരാലംബ ജീവിതങ്ങൾക്ക് സ്നേഹ സാന്ത്വനങ്ങളുടെ തണൽ സ്പർശമേകാൻ അദ്ദേഹം മറന്നില്ല. ഒരു ഉജ്ജ്വല കലാകാരൻ എന്നതിനൊപ്പം കാരുണ്യവാനായ മനുഷ്യസ്നേഹി എന്ന നിലയിലും അദ്ദേഹം ആദരവ് അർഹിക്കുന്നു.

മലയാള സിനിമയിലെ നിത്യവസന്തം തന്നെയാണ് മമ്മൂട്ടി. അദ്ദേഹത്തിന്റെ കലാസപര്യ ഭാവിതലമുറകൾക്ക് മാർഗ്ഗദീപമായി പ്രകാശിക്കട്ടെ സർവ്വശക്തൻ അനുഗ്രഹവും ആയുസ്സും ശാന്തിയും സമാധാനവുമൊക്കെ എപ്പോഴും പ്രദാനം ചെയ്യട്ടെ എന്ന് ആശംസിക്കുന്നു.

# അന്ന് എം.ജി.ആർ – ജയലളിത



# ഇന്ന് വിജയ് – തൃഷ

തമിഴ് ജനതയെ എക്കാലവും ഹരം പിടിപ്പിച്ച പ്രണയ ജോഡികളായിരുന്നു എം.ജി.ആറും ജയലളിതയും. അവർ പിന്നീട് വളരെക്കാലം സംസ്ഥാന മുഖ്യമന്ത്രിമാരായും വിരാജിച്ചു. ചരിത്രം ആവർത്തിക്കുകയാണ്. ഇന്നത്തെ പ്രണയ ജോഡികളാണ് വിജയും തൃഷയും. വിജയ് മുഖ്യമന്ത്രി യായിക്കഴിഞ്ഞു. ഭാവിയിൽ തൃഷയും മുഖ്യമന്ത്രിയാകുമോ? അതിന് മുന്നോടി യായിട്ടാണോ തൃഷ ഉപമുഖ്യമന്ത്രിയാകുമെന്ന വാർത്തകൾ പരക്കുന്നത്?

തമിഴ് നടി തൃഷ കൃഷ്ണൻ വാർത്തകളിൽ ശ്രദ്ധാകേന്ദ്രമായി തുടങ്ങിയിട്ട് കുറച്ചു കാലമായി. അവരുടെ സിനിമകളല്ല വിഷയം. തമിഴ് നാട് മുഖ്യമന്ത്രിയും സൂപ്പർതാരവുമായ ജോസഫ് വിജയുമായുള്ള അടുപ്പത്തിന്റെ പേരിലാണ് തൃഷ വാർത്താതാരമായത്. സത്യപ്രതിജ്ഞ ചടങ്ങിലും മറ്റും തൃഷ നിറസാന്നിധ്യമായിരുന്നു. അതിനു ശേഷം വിജയ്‌യുടെ ജന്മദിനത്തിൽ കേക്ക് മുറിക്കുന്ന ചിത്രങ്ങൾ തൃഷ അപ്‌ലോഡ് ചെയ്തതും വലിയ ചർച്ചയായി.

തൃഷ ജനിച്ചത് ചെന്നൈയിലാണെങ്കിലും അച്ഛൻ കൃഷ്ണനും അമ്മ ഉമയും പാലക്കാട് സ്വദേശികളാണ്. തൃഷയുടെ വിദ്യാഭ്യാസവും സിനിമയിലേക്കുള്ള രംഗപ്രവേശവുമൊക്കെ ചെന്നൈയിലായിരുന്നു. ബി.ബി.എ ബിരുദം നേടിയ ശേഷം മോഡലിംഗിലേക്ക് കടന്നു. തുടർന്ന് നിരവധി സൗന്ദര്യ മത്സരങ്ങളിൽ വിജയിച്ചു. ഒരു ക്രിമിനൽ സൈക്കോളജിസ്റ്റ് ആകാനായിരുന്നു ആഗ്രഹമെങ്കിലും തികച്ചും യാദൃശ്ചികമായി പ്രിയദർശന്റെ ലേസ ലേസ എന്ന തമിഴ് ചിത്രത്തിൽ അഭിനയിച്ച് സിനിമയിലെത്തി.

തമിഴിലെ പ്രധാന നടന്മാരുടെ നായികയായി അഭിനയിച്ചെങ്കിലും വിജയുമായുള്ള ബന്ധം വേറിട്ടതായിരുന്നു. പ്രണയ ജോഡികൾ ശരിക്കും പ്രണയ ബന്ധത്തിലായിരുന്നു. വിജയ് മുഖ്യമന്ത്രിയായതോടെയാണ് ഈ ബന്ധം മറനീക്കി പുറത്തുവന്നത്. അതുവരെ ആരും അതത്ര കാര്യമായെടുത്തിരുന്നില്ല. ഇപ്പോൾ മുൻ മുഖ്യമന്ത്രി എം.ജി.ആറും ജയലളിതയും തമ്മിലുണ്ടായിരുന്ന ബന്ധത്തിന്റെ ആഴം വിജയ് – തൃഷ ബന്ധത്തിനും ആരാധകർ കൽപ്പിക്കുന്നുണ്ട്. വൈകാതെ തന്നെ തൃഷ ഉപമുഖ്യമന്ത്രിയാകാനും സാധ്യതയുള്ളതായി അവർ പ്രചരിപ്പിക്കുന്നു.

'വൈകാതെ മുഖ്യമന്ത്രി വിജയ് നടി തൃഷയെ ഉപമുഖ്യമന്ത്രിയാക്കും. രാത്രി 12 മണിക്ക് മുഖ്യമന്ത്രിക്കൊപ്പം കേക്ക് മുറിക്കാൻ വേറെ ആർക്ക് കഴിയും' എ.ഐ.എ.ഡി.എം.കെ നേതാവ് ഉദയകുമാർ ചോദിച്ചു. അതിനിശിതമായ വിമർശനമാണ് അദ്ദേഹം അഴിച്ചുവിട്ടത്.

മുഖ്യമന്ത്രി ജോസഫ് വിജയ് യുടെ അഭിനയജീവിതത്തിലെ ഏറ്റവും ഒടുവിലത്തെ ചിത്രമായ ജനനായകന്റെ റിലീസിന് അവധി പ്രഖ്യാപിച്ച ഗവൺമെന്റ് നടപടിയെ അദ്ദേഹം ശക്തമായി അപലപിച്ചു. ഇങ്ങനെയൊരു സംഭവം തമിഴ്നാടിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. മുഖ്യമന്ത്രിയെ അനുഗമിച്ച് മന്ത്രിമാരും എം.എൽ.എ മാരും ഉദ്യോഗസ്ഥ പ്രമാണികളും റിലീസ് ദിനത്തിൽ തിയേറ്ററിലെത്തി സിനിമ കാണുകയും സെൽഫികളെടുത്ത് സമൂഹമാധ്യമങ്ങളിൽ പങ്കുവയ്ക്കുകയും ചെയ്തു.

അന്നേ ദിവസം വളരെ പ്രധാനപ്പെട്ട ഔദ്യോഗിക ചുമതലകൾ വരെ മുഖ്യമന്ത്രി മാറ്റിവെച്ചു. ഭരണ നിർവ്വഹണത്തിന് പകരം സിനിമാ ആഘോഷമാക്കുന്നതിലായിരുന്നു സർക്കാർ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിച്ചത്. റിലീസ് ദിനം ഉത്സവമായി ആഘോഷിക്കണമെന്ന ഒരു മന്ത്രിയുടെ ആഹ്വാനത്തെയും അദ്ദേഹം പരിഹസിച്ചു.

സിനിമാ റിലീസിനോടനുബന്ധിച്ച് ആരാധകരുടെ ആഘോഷങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രമസമാധാനപ്രശ്നങ്ങൾ സൃഷ്ടിച്ചുവെന്നും ഉദയകുമാർ ചൂണ്ടിക്കാട്ടി. 'കാവേരി ഡൽഹിയിലെ ജലസേചന പ്രശ്നം കർണ്ണാടകയുമായുള്ള ജലവിതരണ തർക്കം, മേക്കേദാട്ടു അണക്കെട്ട് വിഷയം തുടങ്ങിയ ജനകീയ പ്രശ്നങ്ങളിൽ സർക്കാർ ഫലപ്രദമായി ഇടപെടുന്നില്ല. ഇതൊക്കെ ആലോചിക്കുച്ചായിരിക്കുമോ മന്ത്രിമാർ തിയേറ്ററിലിരുന്ന് കണ്ണീർ പൊഴിച്ചത്?' മന്ത്രി കളിയാക്കി.

സിനിമകളിലെ പഞ്ച് ഡയലോഗുകളും സാങ്കല്പിക പ്രതിച്ഛായകളും യുവാക്കളെ തെറ്റിദ്ധരിപ്പിക്കുന്നുവെന്നും അദ്ദേഹം ആരോപിച്ചു. കാലം യാഥാർത്ഥ്യം തുറന്നുകാട്ടുമ്പോൾ മുഖ്യമന്ത്രിയുടെ സിനിമാറ്റിക് ഇമേജ് തകരുമെന്നും അപ്പോൾ യുവാക്കൾ യാഥാർത്ഥ്യം തിരിച്ചറിയുമെന്നും ഉദയകുമാർ പറഞ്ഞു.

വിജയ്‌യുടെ ഭാര്യ സംഗീത സ്വർണ്ണലിംഗം വിവാഹമോചനത്തിന് അപേക്ഷ സമർപ്പിച്ചതിന് പിന്നാലെയാണ് സോഷ്യൽ മീഡിയയിൽ തൃഷ വിജയ് ബന്ധം വലിയ ചർച്ചകൾക്ക് വഴിവെച്ചത്. നടിയുമായി അവിഹിതം ആരോപിച്ചാണ് സംഗീത ചെങ്കൽപട്ട് കുടുംബ കോടതിയിൽ അപേക്ഷ നൽകിയത്. വിജയ്‌യും ഭാര്യ സംഗീതയും വേർപിരിയാൻ കാരണം തൃഷയാണെന്നാണ് ചിലർ ആരോപിക്കുന്നത്. ഇതിന് പിന്നാലെ വലിയ സൈബർ ആക്രമണങ്ങളും തൃഷ നേരിടുന്നുണ്ട്.

രണ്ടര പതിറ്റാണ്ടിലറെയായി തമിഴ് സിനിമയിലെ ഏറ്റവും ജനപ്രിയ ജോഡികളിലൊന്നാണ് വിജയ്‌യും തൃഷയും. 2004 ൽ പുറത്തിറങ്ങിയ ഗില്ലി എന്ന സൂപ്പർഹിറ്റ് ചിത്രത്തിലൂടെ തുടങ്ങിയ ഇവരുടെ കൂട്ടുകെട്ട് തിരുപ്പാച്ചി, ആദി, കുരുവി, ഒടുവിൽ പുറത്തിറങ്ങിയ ലിയോ തുടങ്ങി നിരവധി ചിത്രങ്ങളിലൂടെ പ്രേക്ഷകരുടെ പ്രിയമായി മാറുകയായിരുന്നു. പണ്ട് എം.ജി.ആർ ജയലളിത കൂട്ടുകെട്ടായിരുന്നെങ്കിൽ ഇന്ന് വിജയ് തൃഷ കൂട്ടുകെട്ട്. അന്ന് എം.ജി.ആറും ജയലളിതയും മുഖ്യമന്ത്രിമാരായി. ഇന്ന് വിജയ്ക്ക് പുറകെ തൃഷയും ഭാവിയിൽ മുഖ്യമന്ത്രിയാകുമോ?

Download Copy





മമ്മൂട്ടി ധനുഷിനൊപ്പം രജനിക്കായി മോഹൻലാൽ

# തമിഴകത്ത് മലയാളി സൂപ്പർസ്റ്റാറുകളുടെ വമ്പൻ ക്ലാഷ്

**തമിഴ് സൂപ്പർസ്റ്റാർ രജനികാന്തിനെ മോഹൻലാൽ സഹായിക്കുമ്പോൾ ധനുഷിനൊപ്പം നിൽക്കാൻ മമ്മൂട്ടി. നെറ്റ് ഫ്ളിക്സ് കാരണം തമിഴകത്ത് നടക്കാൻ പോകുന്നത് വമ്പൻ ക്ലാഷ്! ഇൻഡ്യൻ സിനിമ കണ്ട ഏറ്റവും വലിയ താരനിരയിൽ ഒരുങ്ങുന്ന ജയിലർ 2 ഉം പരീക്ഷണ സിനിമകളിൽ നിന്ന് ട്രാക്ക് മാറ്റി കച്ചവട സോണിലേക്ക് തിരിച്ചുപോകുന്ന ധനുഷിന്റെ ഓമുമാണ് ബോക്സ് ഓഫീസിൽ ഏറ്റുമുട്ടുന്നത്.**







Download Copy

തമിഴ് സൂപ്പർസ്റ്റാർ രജനി കാന്തിനെ മോഹൻലാൽ സഹായിക്കുമ്പോൾ ധനുഷിനൊപ്പം നിൽക്കാൻ മമ്മൂട്ടി. നെറ്റ് ഫ്ളിക്സ് കാരണം തമിഴകത്ത് നടക്കാൻ പോകുന്നത് വമ്പൻ ക്ലാഷ്! ഇൻഡ്യൻ സിനിമ കണ്ട ഏറ്റവും വലിയ താരനിരയിൽ ഒരുങ്ങുന്ന ജയിലർ 2 ഉം പരീക്ഷണ സിനിമകളിൽ നിന്ന് ട്രാക്ക് മാറ്റി കച്ചവട സോണിലേക്ക് തിരിച്ചു പോകുന്ന ധനുഷിന്റെ ഓമു മാണ് ബോക്സ് ഓഫീസിൽ ഏറ്റുമുട്ടുന്നത്.

ഒക്ടോബറിലായിരിക്കും രണ്ട് ചിത്രങ്ങളും തിയേറ്ററിൽ എത്തുക. വിജയദശമി റിലീസെന്ന് ആദ്യം അറിയിച്ചത് 'ഓം' ആയിരുന്നു. തൊട്ടുപിന്നാലെ ജയിലർ 2 വും റിലീസ് ഡേറ്റ് പുറത്തുവിട്ടു. ഒക്ടോബർ 15 നായിരിക്കും ജയിലർ 2 തിയേറ്ററിലെത്തുക. തൊട്ടടുത്ത ദിവസം ഓമും പ്രേക്ഷകരിലെത്തും.

രജനി-ധനുഷ് ക്ലാഷ് എന്ന തിനപ്പുറം മമ്മൂട്ടിയും മോഹൻ ലാലും ബോക്സ് ഓഫീസിൽ നേരിട്ട് ഏറ്റുമുട്ടുന്നു എന്ന താണ് ഈ ക്ലാഷിമമ്മൂട്ടിയും മോഹൻലാൽ സിനിമയും മറ്റൊരു പ്രത്യേകത. പത്ത് വർഷം മുമ്പാണ് ഇരുവരുംം ബോക്സ് ഓഫീസിൽ നേർക്കുനേർ വന്നത്. 'പുലിമുരുകൻ' ചരിത്ര വിജയമായി മാറിയപ്പോൾ ഒപ്പമിറങ്ങിയ 'തോപ്പിൽ ജോപ്പൻ' കഷ്ടിച്ചു വിജയിച്ചു മലയാളത്തിൽ പിന്നീട് ഇരുവരും ബോക്സ് ഓഫീസിൽ ഏറ്റുമുട്ടിയിട്ടില്ല.

'ജയിലർ 2'ൽ നായകനായ ടൈഗർ മുത്തുവേൽ പാണ്ഡ്യന്റെ സുഹൃത്ത് മാത്യുവായി മോഹൻലാൽ വേഷമിടുമ്പോൾ ഓമിൽ നായക നൊപ്പം ശക്തമായ കഥാപാത്രത്തെ യാണ് മമ്മൂട്ടി കൈകാര്യം ചെയ്യുന്നത്.

വലിയ താരനിര ഉണ്ടായിട്ടും പ്രതീക്ഷിച്ച വിജയം നേടാത്ത കൂലിക്ക് ശേഷം രജനി നായകനായ ചിത്രമാണ് 'ജയിലർ2'. രജനി, മോഹൻലാൽ, ശിവരാജ് കുമാർ എന്നിവർക്കു പുറമ വിജയ് സേതുപതിയും അഭിനയിക്കുന്നുണ്ട്.

ധനുഷിനെ സംബന്ധിടത്തോളം രാഷ്ട്രീയ രംഗ പ്രവേശനത്തിന് മുന്നോടിയായുള്ള സിനിമയാണ് ഓം. സൂപ്പർസ്റ്റാർ വിജയ് രാഷ്ട്രീയ പ്രവശനത്തിന് സൂചന നല്കി കൊണ്ട് ധനുഷ് ചെന്നൈയിൽ ഒരു രക്തദാന ക്യാമ്പ് സംഘടിപ്പിച്ചി രുന്നു. വിജയ് നേടിയ വിജയത്തോളം എത്തിയില്ലെങ്കിലും ഒരു നിർണ്ണായക ശക്തിയായി രാഷ്ട്രീയത്തിൽ പിടിച്ചു നില്ക്കാൻ കഴിയുമെന്നാണ് ധനുഷിന്റെ വിശ്വാസം. മമ്മൂട്ടിയെ തന്റെ സിനിമയിൽ കൊണ്ടുവന്നതിന് പിന്നിലും ധനുഷിന് വ്യക്തമായ കണക്കുകൂട്ടലുകളുണ്ട്.

വിജയ്ക്ക്ക മുമ്പ് രാഷ്ട്രീയത്തി ലിറങ്ങിയ സൂപ്പർ സ്റ്റാർ കമലഹാസന് തെരഞ്ഞെടുപ്പുകളിൽ ദയനീയ പരാജയമാണ് ഏറ്റുവാങ്ങേണ്ടിവന്നത്. എന്നാൽ അന്തരിച്ച സൂപ്പർസ്റ്റാർ വിജയകാന്തിന് രാഷ്ട്രീയത്തിൽ ഒരുവിധം പിടിച്ചുനിൽക്കാൻ കഴിഞ്ഞു.

**ചെറുകഥ**




പി. ജയലക്ഷ്മി
നിയമസഭാ
മുൻ സെക്രട്ടറി




# സൈലന്റ് മോഡ്

അന്നൊരു ഞായറാഴ്ച ആയിരുന്നു. പൊള്ളുന്ന ഉച്ചവെയിലിന്റെ ചൂടിൽ വെളുത്ത മേഘക്കെട്ടുകളാൽ മൂടപ്പെട്ടുകിടന്ന സൂര്യൻ തല കാട്ടിയ ഇടവേളകളിൽ ആലസ്യത്തോടെ തളർന്നു കിടന്ന ഭൂമി. എങ്ങോ പോയൊളിച്ച കാറ്റിനോട് പ്രതിഷേധിച്ച് എന്ന വണ്ണം ഒരിലപോലും അനങ്ങാൻ മടികാട്ടി നിന്ന വൃക്ഷത്തലപ്പുകളുടെ നൈരാശ്യം ചൂഴ്ന്ന് നിന്ന ആ മധ്യാഹ്നത്തിൽ ഉമ്മറത്തെ ചാരുകസേരയിൽ വാരാന്ത്യപ്പതിപ്പും നോക്കിയിരുന്ന എന്റെ കണ്ണുകൾ അറിയാതെ മയക്കത്തിലേക്ക് വീണു പോയിരുന്നു. ഉഷ്ണമകറ്റാൻ വീശിക്കൊണ്ടിരുന്ന വിശറി നിലത്തു വീണതുപോലും ഞാനറിഞ്ഞിരുന്നില്ല.

ചെറുമയക്കത്തിൽ നിന്നെന്നെ ഉണർത്തിയത് വൈബ്രേറ്റർ മോഡിലായിരുന്ന മൊബൈലിന്റെ അലസോരപ്പെടുത്തുന്ന പ്രകമ്പനമായിരുന്നു. ഔചിത്യബോധമില്ലാതെ വന്ന വിളിയെ ഉള്ളിൽ ശപിച്ചു കൊണ്ട് ഞാൻ ഫോണെടുത്തു. കോൺടാക്ട് ലിസ്റ്റിലുള്ള പേരിനുപകരം തെളിഞ്ഞു വന്ന അക്കങ്ങളുടെ ഇളിഞ്ഞ അപരിചിതത്വം മറച്ചു പിടിച്ച് ഞാൻ ഹലോ പറഞ്ഞു. “ഇത്... അല്ലേ?” അങ്ങേത്തലയ്ക്കൽ ഒട്ടും ആകർഷകമല്ലാത്ത ഒരു പുരുഷശബ്ദം. ‘കഥ വായിച്ചിട്ട് വിളിക്കണതാണേയ്...... ഉറക്കച്ചടവുള്ള മുഖത്തേക്ക് തണുത്ത വെള്ളം തളിച്ചാലെന്നപോലെ എന്റെ മുഖം ചുളിഞ്ഞു. കഴിഞ്ഞ ഒരു വർഷത്തോളം കഥകളൊന്നും പ്രസിദ്ധീകരിക്കാതിരുന്നതിനാൽ വിളിച്ചയാളുടെ ഉദ്ദേശശുദ്ധി സംശയിച്ചുകൊണ്ട് അല്പം പരുഷമായിത്തന്നെ പറഞ്ഞു. ‘ഈയിടെ കഥയൊന്നും




Download Copy

വന്നിട്ടില്ലല്ലോ. പിന്നെ നിങ്ങൾ എവിടുന്നു വായിച്ചു'? എന്റെ ശബ്ദത്തിലെ കാർക്കശ്യത്തിൽ അല്പം പരുങ്ങിക്കൊണ്ട് അയാൾ പറഞ്ഞു. "ഇല്ലാ മാഡം, കഴിഞ്ഞ വർഷം സെപ്തംബർ ലക്കത്തിൽ വന്ന കഥ പഴയ മാഗസിനോ ളൊക്കെ അടുക്കി വച്ചപ്പ കണ്ടതാ.... ഇന്നലെ വായിച്ചിട്ടേള്ളു. നന്നായിട്ടുണ്ട്. എനിക്കിഷ്ടായി.... ഞാനും കഥോളൊക്കെ എഴുതാറുണ്ട്. പക്ഷേ ഇക്കിങ്ങ നൊന്നും എഴുതാനറീല്ല". അയാളുടെ നാട്ടുവായ്മൊഴി യുടെ നിഷ്ക്കളങ്കതയാണ് ഒന്നോ രണ്ടോ വാക്കിലൊതുങ്ങിപ്പോകു മായിരുന്ന സംഭാഷണത്ത അല്പം വലിച്ചു നീട്ടിയത്. വാക്കു കൾ കൊണ്ട് അയാൾ കൊരുത്ത മാലയ്ക്ക് നീളം വയ്ക്ക കഥ യുടെ ക്രാഫ്റ്റിനെക്കുറിച്ചൊക്കെ അയാൾ വാചാലനായപ്പോൾ വലിഞ്ഞു മുറുകിയ സംശയത്തിന്റെ പുരികക്കൊടികൾ പതിയെ അയയാൻ തുടങ്ങിയിരുന്നു.

കാലം തെറ്റിയാണെങ്കിലും അകലെയുള്ള ഒരു വായന ക്കാരന്റെ ആരാധനയിൽ പൊതിഞ്ഞ അഭിനന്ദനവാക്കുക ളോടുള്ള ഇഷ്ടം കൊണ്ടാണ് അയാളുടെ സംഭാഷണം ക്ഷമയോടെ കേട്ടത്. കൂട്ടത്തിൽ സാമാന്യ മര്യാദയുടെ പേരിൽ നടത്തിയ അയാളെക്കുറിച്ചുള്ള വ്യക്തിപരമായ അന്വേഷണ ങ്ങളിൽ വെളിപ്പെട്ട അയാളുടെ ജീവിത പരിസരങ്ങളും.

ഫൈൻ ആർട്സിൽ ബിരുദ മെടുത്ത് കലാധ്യാപകനായി തുടങ്ങിയെങ്കിലും കുടുംബവും ജീവിത പ്രാരാബ്ധങ്ങളും അയാളെ കുലത്തൊഴിലായ മരപ്പണിയിലേക്ക് മടക്കിയിരിക്കുന്നു. കാതലുള്ള മരങ്ങളും ചിന്തേരിട്ടു മിനുക്കിയ മരയുരുപ്പടികളും മൂർച്ചയേറിയ ഉളിയും, കൊട്ടുവടിയും, മുഴ ക്കോലുമൊക്കെ നിറഞ്ഞിരുന്ന തന്റെ പണിയിടത്തിൽ ഇപ്പോൾ മരം തുളച്ചുകയറുന്ന ഡ്രില്ലറുകളും യന്ത്രം ഘടിപ്പിച്ച അറക്കവാളു കളുമൊക്കെ അടക്കി വാഴുന്നതി ലും മരഉരുക്കൾ നിർമ്മിക്കുന്ന ബോട്ട് ബിൽഡിംഗ് യാർഡിലാണ് ജോലി എന്ന ചിന്തയും കുലത്തൊഴിലിനോടുള്ള അയാളുടെ അപകർഷബോധം കുറച്ചിട്ടുണ്ടെന്ന് അയാളുടെ വാക്കുകളിൽ നിന്നെനിക്ക് വായി ച്ചെടുക്കാനായി. ഈ പങ്കപ്പാടുകൾ ക്കിടയിലാണ് എഴുത്ത്. അതിൽ വലിയ ഉയരങ്ങളിലേക്കെത്തണ മെന്ന് മോഹിക്കുന്ന അയാൾക്ക് തടസ്സമായി നിൽക്കുന്നത് ഇനിയും തെളിയാതെ കിടക്കുന്ന അയാളുടെ തലയിലെഴുത്താണ്. ചില എഴുത്തുകാരെയൊക്കെ പോലെ ജോലി ഉപേക്ഷിച്ച് മുഴുവൻ സമയവും എഴുതണമെന്നുണ്ട്. പക്ഷേ ആ ആഗ്രഹം ചാടി കടക്കാൻ വയ്യാത്ത ഒരു മതിൽ പോലെ അയാൾക്ക് മുന്നിൽ ഉയർന്നു നിൽക്കുകയാണ്.

രണ്ട് കുട്ടികളും ഭാര്യയുമട ങ്ങുന്ന കുടുംബത്തെ പണി സ്ഥലത്ത് കൊണ്ടു വന്ന് താമസി പ്പിച്ച് പോറ്റാനുള്ള വഴിയില്ലാത്ത തിനാൽ അവരെ കുടുംബവീട്ടിൽ അമ്മയുടെ ഒപ്പം നിർത്തി ഒറ്റയ് ക്കുള്ള ജീവിതമാണ് അയാളുടേത്. ഭർത്താവുപേക്ഷിച്ചു വന്ന പെങ്ങളും കുട്ടിയും കുടുംബ വീട്ടിൽ കൂടെയുണ്ട്. മാസത്തി ലൊരിക്കൽ നാട്ടിൽ പോകും. സംസാരിക്കാൻ സന്മനസുകാട്ടി യതിൽ നന്ദി പറഞ്ഞ് ഇടയ്ക്ക് വിളിക്കുന്നതിൽ വിരോധമില്ലല്ലോ എന്ന ചോദ്യമുന്നയിച്ചാണ് അയാൾ സംഭാഷണമവസാനിപ്പിച്ചത്. വല്ലപ്പോഴും സംഭവിച്ചു പോകുന്ന എഴുത്തിന് അപരിചിതനായൊരു അനുവാചകനെ കിട്ടിയ സന്തോഷ ത്തിൽ ഞാനതിനുള്ള അനുവാദം കൊടുത്തുവെങ്കിലും എഴുതിയ കഥയും അനുവാചകനുമൊക്കെ കാലഹരണപ്പെട്ട വീട്ടുപകരണം പോലെ ഓർമ്മകളുടെ പിൻകോ ലായിൽ ഒതുങ്ങിപ്പോയിരുന്നു. പക്ഷേ അയാളുടെ വിളി വീണ്ടും വരുമ്പോൾ ആനുകാലികങ്ങളിൽ വരുന്ന കഥയ്ക്ക് അടുത്ത ലക്കം വരെയേ ആയുസ്സുള്ളുവെന്ന എന്റെ പൊതുധാരണ തിരുത്തപ്പെടുക യായിരുന്നു. അയാൾ തന്റെ നീട്ടി ക്കുറുക്കിയ നാട്ടുഭാഷയിൽ സ്വന്തം എഴുത്തിനെക്കുറിച്ചും എഴുത്തിന്റെ വ്യാകരണത്തെക്കുറിച്ചുമൊക്കെ പറഞ്ഞുതുടങ്ങിയെങ്കിലും അതി ലൊക്കെ ഉപരിയായി നിന്നത് കു ടുംബപ്രശ്നങ്ങളായിരുന്നു. ഇളയ കുട്ടിയുടെ ഏക്കവും മൂത്ത കുട്ടിയുടെ സ്കൂൾ ഡൊണേഷനും ടീച്ചർ ഉദ്യോഗത്തിന് പി.എസ്.സി. പരീക്ഷയെഴുതി കാത്തിരുന്ന് മടുത്ത ഭാര്യയുമാണ് അയാളെ ഏറെ അലട്ടുന്നത്. പോരാത്തതിന് വീട്ടിൽ ചെല്ലുമ്പോൾ ഭർത്താവു മായി പിണങ്ങി വീട്ടിൽ വന്നു നിൽക്കുന്ന പെങ്ങളും കുട്ടിയും ഉണ്ടാക്കുന്ന പ്രശ്നങ്ങളുടെ പരാതിപ്പെട്ടി തുറക്കുന്ന ഭാര്യയും കുട്ടികളും. ഇതിനിടയിലെങ്ങനെ സ്വസ്ഥതയോടെ എഴുതും? എങ്കിലും കഥയെഴുതാനിരിക്കു മ്പോൾ അയാളെ ഒരു ചേരപോലെ വരിഞ്ഞു മുറുക്കുന്നത് കഥയുടെ രാഷ്ട്രീയമാണ്. മഴയും രാത്രിയും നിലാവും ഇക്കിളിപ്പെടുത്തുന്ന പ്രണയവുമൊന്നും അയാളെ പ്രചോദിപ്പിക്കാറില്ല. പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളെ ക്കുറിച്ച് എഴുതാനാണ് അയാൾ ക്കിഷ്ടം. എവിടെയും മുഴച്ചു നിൽക്കുന്ന സാമ്പത്തിക അസമത്വം, ആമയെപ്പോലെ അയാളെ എപ്പോഴും ഉൾവലി യിപ്പിക്കുന്ന ജാതീയത, സാഹിത്യത്തിൽ പടർന്നു പന്തലിച്ച വരേണ്യരുടെ ഇടയിൽ സ്വയം അടയാളപ്പെടുത്താൻ പണിപ്പെടുമ്പോൾ അറിയാതെ ഉയർന്നു പോകുന്ന സ്വത്വബോധം.... ഇതൊക്കെ വിഷയമാക്കുമ്പോൾ ലഭിക്കാതെ പോകുന്ന സ്വീകാര്യത. വിളിക്കുമ്പോഴൊക്കെ പുതിയ കഥ യെക്കുറിച്ച് അയാൾ ചോദിക്കും. വാരിവലിച്ചൊന്നും എഴുതുന്ന ശീലമില്ലാത്തതിനാൽ ഗ്രഹണം പോലെ വല്ലപ്പോഴും സംഭവിക്കുന്ന ഒന്നാണ് എനിക്ക് എഴുത്ത്. എന്നെ പ്പോലെ ജോലിയും കുടുംബവും കുറച്ച് അനുഭവങ്ങളും മാത്രമുള്ള വർ എന്തെഴുതാനാണ്. പിന്നെ എഴുതിയേ തീരു, ഒരു നിയോഗ മാണത്.

*തുടരും*




# ആർ. എം. പി. ക്ക് ആദരവായി ഡോക്ടറേറ്റ്

കേരളത്തിലെ ഏറ്റവും സമുന്നതനായ തൊഴിലാളി നേതാവ് ആർ എം പരമേശ്വരന് ഡോക്ടറേറ്റ്. അടിസ്ഥാന വർഗ്ഗത്തിന്റെ ശ്രേയസ്സിനായി അദ്ദേഹം നൽകിയ അതുല്യ സംഭാവന കൾ മുൻനിർത്തി വാഷിംഗ്ടൺ ഡിജിറ്റൽ സർവ്വകലാശാലയാണ് ഓണററി ഡോക്ടറേറ്റ് സമ്മാനിച്ചത്. ഇത് സംബന്ധിച്ച് ഡൽഹി യിൽ നടന്ന ചടങ്ങിൽ സർവ്വകലാശാല മേധാവികൾ പങ്കെടുത്തു.

പൊന്മുടിയിലെ തോട്ടം തൊഴിലാളി കളായ 96 കുടുംബങ്ങൾക്ക് നിയമ യുദ്ധത്തി ലൂടെ കിടപ്പാടം നേടി കൊടുത്തതാണ് സർവകലാശാലയുടെ ശ്രദ്ധ ആകർഷിച്ചത്. സംസ്ഥാന ഗതാഗത മന്ത്രി സി. പി ജോൺ അദ്ദേഹത്തെ ആദരിച്ചു.




ഈ ഓണത്തിലെ
ചോയിസും,
ബെറ്ററാക്കണം
ബെറ്ററോണം
തകർത്തോണം
Onam
Better Choice
HYPER MART
HOME DELIVERY AVAILABLE
7034 001 406 | 8059 004 008
Opp. SBI Bank, Kizhisseri

Ezhimala Ayurveda & Wellness Resort
Palakodu, Payyannur - 670305, Kannur, Kerala
KARKIDAKA
SPECIAL PACKAGES
3 DAYS PACKAGE
( 2 NIGHTS , 3 DAYS )
FULL BODY MASSAGE WITH STEAM BATH
HEAD AND FACE MASSAGE,FACE PACK,
PODIKIZHI,SHIRODHARA,NETHRADHARA,
KARKIDAKA KANJI
SINGLE OCCUPANCY
INCLUDING ROOM RENT,
FOOD,DR CONSULTANCY
20,000
DOUBLE OCCUPANCY
35,000
5 DAYS PACKAGE
( 4 NIGHTS , 5 DAYS )
FULL BODY MASSAGE WITH STEAM BATH ,
HEAD AND FACE MASSAGE,FACE PACK,
PODIKIZHI,ELAKIZHI,SHIRODHARA,NETHRA
DHARA,NASYAM,DHOOMA PANAM,
KARKIDAKA KANJI
SINGLE OCCUPANCY
INCLUDING ROOM RENT,
FOOD,DR CONSULTANCY
35,000
DOUBLE OCCUPANCY
60,000
7 DAYS PACKAGE
( 6 NIGHTS, 7 DAYS )
FULL BODY MASSAGE WITH STEAM BATH
HEAD AND FACE MASSAGE,FACE PACK,
PODIKIZHI,ELAKIZHI,NAVARAKIZHI,SHIROD
HARA,NETHRADHARA,NASYAM,DHOOMA
PANAM, KARKIDAKA KANJI
SINGLE OCCUPANCY
INCLUDING ROOM RENT,
50,000
DOUBLE OCCUPANCY
85,000
14 DAYS PACKAGE
( 13 NIGHTS, 14 DAYS )
FULL BODY MASSAGE WITH STEAM BATH ,
HEAD AND FACE MASSAGE,FACE PACK,
PODIKIZHI,ELAKIZHI,NAVARAKIZHI,SHIROD
HARA,NETHRADHARA,NASYAM,DHOOMA
PANAM, KARKIDAKA KANJI
SINGLE OCCUPANCY
INCLUDING ROOM RENT,
1,06,000
DOUBLE OCCUPANCY
1,80,000
21 DAYS PACKAGE
( 20 NIGHTS, 21 DAYS )
FULL BODY MASSAGE WITH STEAM BATH ,
HEAD AND FACE MASSAGE,FACE PACK,
PODIKIZHI,ELAKIZHI,NAVARAKIZHI,PIZHICHIL,
SHIRODHARA,NETHRADHARA,
NASYAM, DHOOMA PANAM, KARKIDAKA KANJI
SINGLE OCCUPANCY
INCLUDING ROOM RENT,
1,59,000
DOUBLE OCCUPANCY
2,70,000
OUR SPECIALITIES
• AIR CONDITIONED DELUXE ROOM
• 4 STAR COMFORT & CONVENIENCE
• PRIVATE BALCONY WITH RELAXING VIEWS
• BUFFET BREAKFAST
• FLAT SCREEN TV
• 24/7 HOT WATER
• FREE WIFI
Our Doctors
Prof. (Dr.) P P Baskaran, BAMS, MD.
Ex Principal & Medical Suptd,
Dr. Seejith Padacheri, BAMS
Ayurvedic Physician
7594997774 | 7594997775
Book your Karkkidaka Chikitsa Today

Reg No. UDYAM-KL-12-0134055
INDIAN THOZHILALY ONLINE MONTHLY

With Best Compliments from



# MAGNET
## HOTEL
### PUTHIYATHERU

A Great Venue to Host your Guests and For Cozy Engagement, wedding, Birthday, Corporate type events

*For info please call;*

**7907296660**
**7012615554**
**7907993996**